# KANNUR UNIVERSITY

# MINUTES OF THE ANNUAL MEETING OF THE SENATE

**DATE: 30th MARCH 2022 (WEDNESDAY)**
**TIME: 10.00 AM**
**VENUE: ONLINE MEETING**

**MEMBERS PRESENT:**

1. Prof. Gopinath Ravindran (Vice-Chancellor).
2. Prof. Sabu.A (Pro-Vice-Chancellor).
3. Dr. T.P. Ashraf.
4. Dr. A. Ashokan.
5. Dr. K.T. Chandramohanan.
6. Dr. Prasadan P K.
7. Sri. Pramod Kumar K.V.
8. Dr. Rakhi Raghavan.
9. Sri. M.C. Raju.
10. Prof.(Dr).K.Sreejith.
11. Prof.P.Mahesh Kumar.
12. Prof. V Lissy Mathew.
13. Smt. Sreelekha M.
14. Dr. Johny Jose.
15. Dr. Dominic Thomas.
16. Dr. Manjula K.V.
17. Sri. Vijayan K.
18. Dr. Swarupa R.
19. Dr. M Sini
20. Sri. Jayakrishnan T.V.
21. Dr. Ismail Olayikkara.
22. Sri. Shanavas S.M.
23. Smt. Latha E.S.
24. Dr. R.K. Biju.
25. Dr. Premachandran Keezhoth.
26. Smt. Sona P.
27. Dr. Suresh Kumar K.S.
28. Dr. Shanoj M P.
29. Smt. Jamunarani Teacher.
30. Adv. Usha A.P
31. Sri. Saju .P.J.
32. Sri. Sethumadhavan T.
33. Sri. Satheesan P.K.
34. Sri. M.P.A. Rahim.

35. Adv. P Appukuttan.
36. Adv. M.K Hassan, Chairman, University Union.

Also present: Dr. Joby K Jose, Registrar.

7.01 Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.

7.02 The meeting thereafter considered the items on the agenda.

I. **<u>Questions asked by the Members of the Senate and answers thereto by the Syndicate.</u>**

Q.No. 1

<u>Smt. Sona P</u>

ഈ സെനറ്റ് നിലവിൽ വന്നശേഷം അംഗീകരിച്ച് പാസാക്കിയ എത്ര പ്രമേയങ്ങളിൽ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? ഏതെല്ലാം പ്രമേയങ്ങളിൽ നടപടി സ്വീകരിക്കാൻ ബാക്കിയുണ്ട്? എന്തുകൊണ്ടാണ് പ്രമേയത്തിൻമേലുള്ള നടപടിക്രമങ്ങൾ വൈകുന്നത്?

<u>ഉത്തരം - ഡോ. ടി.പി അഷ്റഫ്</u> - സെനറ്റ് പാസാക്കിയ പ്രമേയങ്ങളിൽ 96 എണ്ണം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് വരികയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാ ണ്. 84 പ്രമേയങ്ങൾ തുടർ നടപടികൾക്കായി സിൻഡിക്കേറ്റിന്റെ പരിഗണനക്ക് വന്നിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| യോഗ തീയതി | പ്രമേയങ്ങൾ |
|---|---|
| 30/01/2020 | 7,10,11,14,18,20,23,24,25,40,46 (11) |
| 21/07/2020 | 4,9,11,18,23,32,33,35,40,43,44,55,64,2.194 (14) |
| 22/12/2020 | 2,3,6,9.12,13,18,19,24,26,27,29,30,32,35,38,40,3.115 (18) |
| 24/03/2021 | 1,4,11,17,18,19,21,28,29,30,4.95 (11) |
| 08/09/2021 | 1,4,6,7.8,9,11,12,14,15,18,22,23,25,28,30,32,35,39,41,5.12 (21) |
| 28/12/2021 | 2,4,5,8.12,15,20,26,6.99 (9) |

7.03 കോവിഡിന്റെ സാഹചര്യത്തിൽ പല സെക്ഷനുകൾക്കും പൂർണ്ണമായി പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ല. ആയതിനാൽ സെനറ്റ് പ്രമേയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കു വരുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി അഷ്റഫ് പറഞ്ഞു. അടുത്ത ഏതാനും സിൻഡിക്കേറ്റ് മീറ്റിംഗുകളിൽ ബാക്കിയുള്ള എല്ലാ പ്രമേയങ്ങളും പരിഗണനയ്ക്ക് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

Q.No. 2

<u>Dr. Ismayil Olayikkara</u>

സെനറ്റിൽ വിദ്യാർത്ഥി പ്രതിനിധി മണ്ഡലത്തിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം - ഡോ. ടി.പി അഷ്റഫ് - സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ പ്രകാരം സെനറ്റിലെ 'ജനറൽ കൗൺസിൽ ഓഫ് ദ യൂണിവേഴ്സിറ്റി യൂണിയൻ' എന്ന മണ്ഡലത്തിലെ വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് 2021-22 അധ്യയന വർഷത്തെ സർവ്വകലാശാല യൂണിയൻ കൗൺസിലേഴ്സിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലും സർവ്വകലാശാല ക്യാമ്പസ്സുകളിലും 2021-22 അധ്യയന വർഷത്തെ യൂണിയൻ തിരഞ്ഞെടുപ്പ് പൂർത്തിയായി. കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധി മണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്.

Q.No. 3

Dr. R. K. Biju

16/12/2021 നു നടക്കേണ്ടിയിരുന്ന രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ ചോദ്യപേപ്പർ കണ്ണൂർ എസ് എൻ കോളേജിൽ നിന്നും ചോർന്ന സംഭവവുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരുടെ ഭാഗത്തു നിന്നുള്ള പിഴവാണ് ചോദ്യപേപ്പർ ചോരുവാൻ കാരണമായത്? കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്?

ഉത്തരം - ഡോ. കെ.ടി. ചന്ദ്രമോഹനൻ - രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ ചോദ്യപേപ്പർ കണ്ണൂർ എസ്.എൻ. കോളേജിൽ നിന്നും പരീക്ഷാ തീയ്യതിക്ക് മുമ്പ് തുറന്ന് ചോദ്യപേപ്പർ ചോരാനിടയായ സംഭവം അന്വേഷിക്കുന്നതിന് സർവ്വകലാശാല സിൻഡിക്കേറ്റ് മെമ്പർ ഡോ. എ. അശോകന്റെ നേതൃത്വത്തിൽ ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ അന്വേഷണം പൂർത്തിയായിട്ടില്ല.

7.04 അന്വേഷണത്തിനു കാലാവധി തീരുമാനിച്ചിട്ടുണ്ടോ എന്ന ഉപചോദ്യത്തിനുത്തരമായി കാലാവധി തീരുമാനിച്ചിട്ടില്ലെന്നും, കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഡോ. ചന്ദ്രമോഹനൻ മറുപടി പറഞ്ഞു

7.05 അന്വേഷണ റിപ്പോർട്ടിലമു കാര്യങ്ങൾ അടുത്ത സെനറ്റിൽ വിശദീകരിക്കാമെന്ന് ചെയർ അറിയിച്ചു.

Q.No.4

Dr. Suresh Kumar K.S

എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് വരുന്ന വിഷയ വിദഗ്ധരിൽ ചിലർ അദ്ധ്യാപകരോട് ഓണറേറിയം എന്ന പേരിൽ കൂടുതൽ തുക ആവശ്യപ്പെടുന്നത് യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം - ശ്രീ. പ്രമോദ് കുമാർ കെ. വി - ശ്രദ്ധയിൽ പെട്ടിട്ടില്ല.

7.06 ഓണറേറിയം നല്കേണ്ടത് ആരാണെന്ന ഡോ. ആർ.കെ ബിജുവിന്റെ ആവശ്യം ചെയർ അംഗീകരിക്കുകയും നടപടി സ്വീകരിച്ച ശേഷം അറിയിക്കാമെന്ന് ചെയർ പറഞ്ഞു.

Q.No.5

Dr. Shanoj M P

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന സെനറ്റ് മെമ്പർമാർക്കായി പ്രത്യേക സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം - ശ്രീ. പ്രമോദ് കുമാർ കെ.വി - സെനറ്റ് മെമ്പർമാർക്ക് പ്രത്യേകമായി സൗകര്യങ്ങൾ അനുവദിച്ചിട്ടില്ല. സർവ്വകലാശാലയിൽ നിലവിലുള്ള സൗകര്യങ്ങൾ സെനറ്റ് മെമ്പർമാർ ആവശ്യപ്പെടുന്ന പക്ഷം ലഭ്യതയനുസരിച്ച് നിയമ പ്രകാരം അനുവദിക്കുന്നതാണ്.

Q.No.6

Dr. Ismayil Olayikkara

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ എണ്ണക്കൂടുതലും വിദ്യാർത്ഥികളുടെ പങ്കാളിത്ത ബാഹുല്യവും പരിഗണിച്ച് കലോത്സവം സോണൽ തലത്തിലുള്ള മത്സരങ്ങളായി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം - ഡോ. രാഖി രാഘവൻ - നിലവിൽ ഇതുമായി ബന്ധപ്പെട്ട ആവശ്യവും സാഹചര്യവും ഉണ്ടായിട്ടില്ലാത്തതിനാൽ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ എണ്ണക്കൂടുതലും വിദ്യാർത്ഥികളുടെ പങ്കാളിത്ത ബാഹുല്യവും പരിഗണിച്ച് കലോത്സവം സോണൽ തലത്തിലുള്ള മത്സരങ്ങളായി നടത്താനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

7.07 വിദ്യാർത്ഥികളിൽ നിന്നും ഇത്തരമൊരാവശ്യം വരികയാണെങ്കിൽ പരിഗണിക്കാമെന്ന് ചെയർ അറിയിച്ചു.

Q.No.7

Sri. Vijayakumar V

ഡിഗ്രി വിദ്യാർത്ഥികൾക്ക് സെമസ്റ്റർ പ്രകാരമുള്ള മാർക്ക് ലിസ്റ്റിന്റെ ഒറിജിനൽ നൽകുന്നുണ്ടോ? നൽകുന്നില്ലെങ്കിൽ ഈ വിദ്യാർത്ഥികൾ സ്കോളർഷിപ്പിനും മറ്റു ആനുകൂല്യങ്ങൾക്കും മാർക്കു ലിസ്റ്റുകൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടി വരുന്ന സന്ദർഭത്തിൽ ഒറിജിനൽ സർട്ടിഫിക്കറ്റ് കാണാതെ സാക്ഷ്യപ്പെടുത്തൽ നടക്കാത്ത സാഹചര്യമാണ് ഉള്ളത്. ഈ ഒരു അവസ്ഥ പരിഹരിക്കാൻ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്? വിശദീകരണം നൽകുക?

ഉത്തരം

U.O. No. Acad/C2/429/2017/Vol II dated 03.06.2019 Regulation clause No. 10.1, 10.2 പ്രകാരം ഡിഗ്രി വിദ്യാർത്ഥികൾക്ക് സെമസ്റ്റർ പ്രകാരമുള്ള മാർക്ക് ലിസ്റ്റിന്റെ ഒറിജിനൽ നൽകുന്നില്ല. വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ അറ്റസ്റ്റ് ചെയ്ത് മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എല്ലാ റെഗുലർ യു ജി/പി ജി പ്രോഗ്രാമുകൾക്കും നിശ്ചിത ഫീസ് ഈടാക്കി നൽകി വരുന്നുണ്ട്.

7.08 ശ്രീ. വിജയകുമാർ വി സഭയിൽ ഹാജരല്ലാത്തതിനാൽ ചോദ്യം സഭയിൽ ഉന്നയിച്ചില്ല.

Q.No.8

Sri. Saju P.J

സർവ്വകലാശാല ക്യാന്റീൻ വർഷങ്ങളായി പ്രവർത്തിക്കുന്നത് UGC – HRDC യുടെ mess hall ലാണ്. സർവ്വകലാശാലക്ക് സ്വന്തമായി ഒരു ക്യാന്റീൻ കെട്ടിടം നിർമ്മിക്കാനുള്ള എന്തെങ്കിലും നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം - രാഖി രാഘവൻ - 29.12.2021 ന് നടന്ന കാന്റീൻ ഉപദേശക സമിതിയുടെ യോഗത്തിന്റെ മിനിറ്റ്സ് പ്രകാരം, കാന്റീനും അതോടൊപ്പം ജീവനക്കാർക്കുള്ള പ്രത്യേക ക്യാബിൻ/ ഹാളും ഉള്ള മൾട്ടി പർപ്പസ് കെട്ടിടത്തിന്റെ ഒരു പ്രൊപ്പോസൽ അടുത്ത പദ്ധതി നിർദ്ദേശത്തിൽ സമർപ്പിക്കുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

7.09 പുതിയ പ്ലാൻ ബഡ്ജറ്റിൽ ഇതിനു വേണ്ടി പണം നീക്കി വെച്ചിട്ടുണ്ടെന്ന് ചെയർ അറിയിച്ചു.

Q.No.9

Sri. Vijayakumar V

സർവ്വകലാശാലയിൽ രൂപീകരിച്ച ബിസിനസ് ഇൻക്യൂബേഷൻ സെന്റർ എവിടെയാണ് പ്രവർത്തിക്കുന്നത്? ഇൻക്യുബേഷൻ സെന്ററിന്റെ ചുമതല വഹിക്കുന്നത് ആരാണ്? അദ്ദേഹത്തിന്റെ വിവരങ്ങൾ നൽകുക? ഈ ഇൻക്യുബേഷൻ സെന്റർ അഫിലിയേറ്റഡ് കോളേജുകളിൽ സംരംഭകത്വ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി? വിശദ വിവരങ്ങൾ നൽകുക? സംരംഭകത്വ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വിദ്യാർത്ഥികൾക്ക് സർവ്വകലാശാല എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്? (അറ്റൻഡൻസ്, ഗ്രേസ് മാർക്ക് മുതലായവ) വിശദ വിവരങ്ങൾ നൽകുക?

ഉത്തരം

- ഡോ: ജാനകി അമ്മാൾ ക്യാമ്പസ്, പാലയാട്.
- ഡോ. യു. ഫൈസൽ, പ്രൊഫ. ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കണ്ണൂർ സർവ്വകലാശാല, തലശ്ശേരി ക്യാമ്പസ്, പാലയാട്.
- ഡോ. യു. ഫൈസൽ, സർവ്വകലാശാല സംരഭകത്വ കോഡിനേറ്റർ, കണ്ണൂർ സർവ്വകലാശാല. (പ്രേം വില്ല, ഫാറൂഖ് കോളേജ് (പി.ഓ), കോഴിക്കോട് (ജില്ല).
- ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ നേതൃത്വത്തിൽ അഫിലിയേറ്റഡ് കോളേജുകളിൽ, Smart Kannur, Student Start up Summit, Cannovation I & II, Young Entrepreneurs Conclave, Agro Conclave I, II & III, Idea Fest, Entrepreneurship Development Programme തുടങ്ങിയ ഇരുപതിൽപ്പരം പരിപാടികൾ നിലവിൽ നടത്തിയിട്ടുണ്ട്.
- ബിസിനസ് ഇൻക്യൂബേഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പരിപാടികളുടെ വിശദാംശങ്ങൾ അതാതു സമയത്തു കോളേജുകളെ

അറിയിക്കാറുണ്ട്. പ്രസ്തുത പരിപാടികളിൽ പങ്കെടുക്കുന്നവർ ഭൂരിഭാഗവും (ഏറ്റവും കുറഞ്ഞത് 3 പേർ) അഫിലിയേറ്റഡ് കോളേജുകളിൽ നിന്നാണ്.

- ബിസിനസ് ഇൻക്യൂബേഷൻ സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടു സർവ്വകലാശാലാ തലത്തിൽ ഒരു സ്റ്റാർട്ടപ്പ് പോളിസി വികസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

  നിലവിൽ കേരള ഗവൺമെന്റിന്റെ സ്റ്റാർട്ടപ്പ് പോളിസി സർവ്വകലാശാലയിൽ നടപ്പിൽ വരുത്തിയതനുസരിച്ച് 5% ഗ്രേസ് മാർക്കും 20% അറ്റൻഡൻസും സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പ് ടീമിന് നൽകിവരുന്നുണ്ട്. അത് പ്രകാരം നിലവിൽ 46 വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കും ഇരുപതിൽപ്പരം വിദ്യാർത്ഥികൾക്ക് അറ്റൻഡൻസും അനുവദിച്ചിട്ടുണ്ട്.

7.10 ശ്രീ. വിജയകുമാർ വി സഭയിൽ ഹാജരല്ലാത്തതിനാൽ ചോദ്യം സഭയിൽ ഉന്നയിച്ചില്ല.

Q.No.10

Sri. Satheeshan P.K

2019 മുതൽ ആരംഭിച്ച ഈ സെനറ്റിന്റെ മീറ്റിങ്ങുകൾ അംഗീകരിച്ചിട്ടുള്ള എത്ര പ്രമേയങ്ങളിൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്? തുടർ നടപടികൾ കൈക്കൊള്ളാതെ സെനറ്റ് അംഗീകരിച്ച എത്ര പ്രമേയങ്ങൾ ഉണ്ട്? അത്തരത്തിലുള്ള പ്രമേയങ്ങൾ ഏതെല്ലാം സെനറ്റ് യോഗത്തിന്റെ തീയ്യതികളിലാണ്? തുടർ നടപടികൾ സ്വീകരിക്കാത്ത അംഗീകരിച്ച പ്രമേയത്തിന്റെ എണ്ണം എത്ര? തുടർ നടപടികൾ കൈക്കൊള്ളാതിരിക്കുവാനുള്ള കാരണം എന്നിവ വ്യക്തമാക്കുക?

ഉത്തരം - ഡോ. ടി.പി അഷ്റഫ് - സെനറ്റ് പാസാക്കിയ പ്രമേയങ്ങളിൽ 96 എണ്ണം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് വരികയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. 84 പ്രമേയങ്ങൾ തുടർ നടപടികൾക്കായി സിൻഡിക്കേറ്റിന്റെ പരിഗണനക്ക് വന്നിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| യോഗ തീയതി | പ്രമേയങ്ങൾ |
|---|---|
| 30/01/2020 | 7,10,11,14,18,20,23,24,25,40,46 (11) |
| 21/07/2020 | 4,9,11,18,23,32,33,35,40,43,44,55,64,2.194 (14) |
| 22/12/2020 | 2,3,6,9,12,13,18,19,24,26,27,29,30,32,35,38,40,3.115 (18) |
| 24/03/2021 | 1,4,11,17,18,19,21,28,29,30,4.95 (11) |
| 08/09/2021 | 1,4,6,7,8,9,11,12,14,15,18,22,23,25,28,30,32 ,35,39,41,5.12 (21) |
| 28/12/2021 | 2,4,5,8,12,15,20,26,6.99 (9) |

Q.No.11

Sri. Vijayakumar V

അഫിലിയേറ്റഡ് കോളേജുകളിലെ കോമേഴ്സ് അദ്ധ്യാപകരുടെ പ്രമോഷൻ നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെട്ട സർവ്വകലാശാല പാനൽ മെമ്പർമാരിൽ ഒരാളായ Dr. (Mrs) Sumathi Venkatesan, Prof. & Head, Dept of

Commerce, Bharathiyar University, ഈ അദ്ധ്യാപിക ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി കണ്ണൂർ സർവ്വകലാശാലയിൽ എത്ര പ്രമോഷനുകൾ ഇതുവരെ നടത്തി? വിശദ വിവരങ്ങൾ നൽകുക? പ്രസ്തുത അദ്ധ്യാപിക നടത്തിയ ഏതെങ്കിലും പ്രമോഷൻ സർവ്വകലാശാലയിൽ തർക്കമായി നിലനിൽക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരം നൽകുക?

ഉത്തരം

Dr. (Mrs) Sumathy Venkatesan, Prof. & Head, Dept of Commerce, Bharathiyar University എന്ന അദ്ധ്യാപിക ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി ഇത് വരെ കണ്ണൂർ സർവ്വകലാശാലയിൽ താഴെ പറയുന്ന 4 പ്രൊമോഷനുകൾ നടത്തി.

1. ശ്രീ. വിജയകുമാർ.വി. (എൻ.എ.എസ്. കോളേജ്)
2. ശ്രീമതി സബിത.എ (എൻ.എ.എസ്. കോളേജ്)
3. ഡോ. സിദ്ധിഖ്. കടവത്ത് പീടികയിൽ (സർ സയ്യിദ് കോളേജ്)
4. ഡോ. വിജി.വി.നായർ (പയ്യന്നൂർ കോളേജ്)

ഇതു സംബന്ധിച്ച് സർവ്വകലാശാലയിൽ തർക്കം നിലവിലില്ല.

7.11 ശ്രീ. വിജയകുമാർ വി സഭയിൽ ഹാജരല്ലാത്തതിനാൽ ചോദ്യം സഭയിൽ ഉന്നയിച്ചില്ല.

Q.No.12

Dr. Suresh Kumar K.S

കണ്ണൂർ യൂണിവേഴ്സിറ്റി 07/02/2022 ന് ഇറക്കിയ Acad H1/6660/2021 നമ്പറിലുള്ള ഉത്തരവിൽ യു.ജി.സി. നിഷ്കർഷിക്കാത്ത മാനദണ്ഡപ്രകാരം എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് മാത്രമായി പ്രമോഷൻ സംബന്ധിച്ച് പുതിയ നിബന്ധനകൾ ഏർപ്പെടുത്തിയത് എന്ത് കാരണത്താലാണ്?

<u>ഉത്തരം - ശ്രീ. പ്രമോദ് കുമാർ കെ.വി</u> - പ്രസ്തുത ഉത്തരവ് സർവ്വകലാശാലക്ക് കീഴിലുള്ള ഡിപ്പാർട്ട്മെന്റിലെയും കോളേജുകളിലെയും എല്ലാ അദ്ധ്യാപകർക്കും ബാധകമാക്കിയിട്ടുണ്ട്.

7.12 ഡോ. സുരേഷ് കുമാർ കെ.എസ്സിന്റെ ഉപചോദ്യത്തിനുത്തരമായി പ്രസ്തുത ഉത്തരവിൽ ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകരെ കൂടി ഉൾപ്പെടുത്താമെന്ന് ചെയർ അറിയിച്ചു.

7.13 സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അറിവോടെയാണോ ഇത്തരത്തിലുള്ള ഉത്തരവ് ഇറങ്ങിയിട്ടുള്ളതെന്ന ഡോ. ആർ.കെ ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വന്ന ശേഷമാണ് ഈ ഉത്തരവ് ഇറങ്ങിയതെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

Q.No.13

Sri. Satheeshan P.K

കണ്ണൂർ സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരത്തിലേക്ക് താവക്കര റോഡിൽ നിന്നും പ്രവേശിക്കുന്ന റോഡ് വളരെ വീതി കുറഞ്ഞതും അപകടകരമാം വിധം വളവ് ഉള്ളതുമാണ്. ഇത് പരിഹരിക്കുന്നതിന് സ്വകാര്യ വ്യക്തിയുടെ സ്ഥലം

നഷ്ട പരിഹാരം നൽകി വീതി കൂട്ടുന്നതിന് കോർപ്പറേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ? അടിയന്തിരമായി ആദ്യ ഭാഗത്തെ വളവിൽ വൈഡ് ആംഗിൾ കോൺവെക്സ് മിറർ (Wide Angle Convex Mirror) സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം – ഡോ. എ. അശോകൻ – ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

7.14 പ്രസ്തുത നിർദ്ദേശം ആലോചിക്കാവുന്നതാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. എ അശോകൻ കൂട്ടിച്ചേർത്തു. താവക്കര-യൂണിവേഴ്സിറ്റി റോഡിനു വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും, പ്രസ്തുത കാര്യം എം.എൽ.എ യുമായി സംസാരിച്ചിട്ടുണ്ടെന്നും ചെയർ സഭയെ അറിയിച്ചു.

Q.No.14

Dr. Premachandran Keezhoth

സെമസ്റ്റർ സിസ്റ്റത്തിൽ ഒരു സെമസ്റ്റർ പൂർത്തീകരിക്കാൻ 90 പ്രവർത്തി ദിനങ്ങൾ വേണമെന്നിരിക്കെ രണ്ടാം സെമസ്റ്റർ പി.ജി, യു.ജി കോഴ്സുകൾ ഇതുവരെ ആരംഭിക്കാതിരിക്കാനുള്ള കാരണമെന്താണ്? 5 മാസങ്ങളായി തുടരുന്ന 1-ാം സെമസ്റ്റർ ക്ലാസുകൾ ഏത് തീയ്യതിയിലാണ് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം – ഡോ. കെ.ടി. ചന്ദ്രമോഹനൻ – കണ്ണൂർ സർവ്വകലാശാല അഫിലിയേറ്റ് ചെയ്ത കോളേജുകൾ/പഠന വകുപ്പുകൾ/ സെന്ററുകൾ എന്നിവിടങ്ങളിലെ 2021-22 അദ്ധ്യയന വർഷത്തെ യു.ജി/പി.ജി പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ ക്ലാസുകൾ 21/02/2022 തീയ്യതിയിലും, ബി എഡ് പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ ക്ലാസുകൾ 21/03/2022 തീയ്യതിയിലും ആരംഭിക്കുന്നതിന് 18/02/2022 ലെ അക്കാഡ്/ACAD D2/22054/2019 നമ്പർ സർക്കുലർ പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.

7.15 90 ദിവസം എന്നത് മിനിമം പ്രവർത്തി ദിനമാണെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു.

Q.No.15

Dr. Suresh Kumar K.S

കണ്ണൂർ യൂണിവേഴ്സിറ്റി പുതുതായി ആരംഭിച്ച ന്യൂജനറേഷൻ കോഴ്സുകൾക്ക് പി.എസ്.സി അംഗീകാരം നേടുന്നതിനും മറ്റ് കോഴ്സുകളുമായി തുല്യത നേടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം – ഡോ. ടി.പി അഷ്റഫ് – സർവ്വകലാശാലയിൽ ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിച്ചത് 2020-21 അധ്യയന വർഷം മുതൽക്കാണ്. ആദ്യ ബാച്ച് വിദ്യാർത്ഥികൾ ഇതുവരെ പാസ് ഔട്ട് ആകാത്തതിനാലും പി.എസ്.സി അംഗീകാരവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ/ പരാതികൾ/അറിയിപ്പുകൾ ഒന്നും തന്നെ ഇതുവരെ ലഭിക്കാത്തതിനാലും പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി അംഗീകാരം നേടുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.
കോഴ്സുകൾ പൂർത്തിയാകുന്നതിനനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

Q.No.16

Dr. Ismayil Olayikkara

കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട്, സ്റ്റാറ്റ്യൂട്ട് പ്രകാരം സെനറ്റിൽ നിക്ഷിപ്തമായ അധികാരാവകാശങ്ങൾ എന്തൊക്കെയാണ്? ഈ അധികാരാവകാശങ്ങൾ മുഴുവനായും സെനറ്റിന് നൽകിയിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം – പ്രൊഫ. (ഡോ.) കെ ശ്രീജിത്ത് – കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് 1996 പ്രകാരം സെനറ്റിന് നൽകിയിട്ടുള്ള പല അധികാരാവകാശങ്ങളും, 2001 ൽ നിലവിൽ വന്ന കണ്ണൂർ യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ആക്ട് (ആക്ട് 14 ഓഫ് 2001) വഴി സർക്കാർ പരിമിതപ്പെടുത്തിയിരിക്കുകയാണ്. 2001 ൽ നിലവിൽ വന്ന അമെന്റ്മെന്റ് ആക്ട് പ്രകാരം സെനറ്റിന്റെ അധികാരാവകാശങ്ങൾ താഴെ പറയുന്നവയാണ്.

a) to review, from time to time, the broad policies and programmes of the University.

b) to suggest measures for the improvement and development of the University.

c) to consider and pass resolution on the annual report and the annual accounts of the University and the audit report on such accounts, and

d) to advice the Chancellor in respect of any matter which may be referred to it for advice.

7.16 പ്രോട്ടോക്കോൾ പ്രകാരം സെനറ്റ് അംഗങ്ങളുടെ സ്ഥാനം എവിടെയാണെന്നുള്ള ഡോ. വിജയൻ കെ യുടെ ഉപചോദ്യത്തിനുത്തരമായി നിലവിൽ ഇതുമായി ബന്ധപ്പെട്ട് ലിഖിതമായ പ്രോട്ടോക്കോൾ ഇല്ലെന്നും ചെയർ മറുപടി പറഞ്ഞു. സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അധികാരങ്ങൾ ഇപ്പോൾ സെനറ്റിനുണ്ടോ എന്ന ഡോ. സുരേഷ് കുമാർ കെ.എസ്സിന്റെ ഉപചോദ്യത്തിനുത്തരമായി 2001 ലെ അമെന്റ്മെന്റ് ആക്ട് പ്രകാരം, സ്റ്റാറ്റ്യൂട്ടിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങളെല്ലാം ഒഴിവാക്കപ്പെട്ടു എന്ന് ഡോ. ടി.പി. അഷ്റഫ് പറഞ്ഞു.

Q.No.17

Sri. Saju P.J

സർവ്വകലാശാല ജീവനക്കാരുടെ ക്ഷേമത്തിന് വേണ്ടി ഒരു Staff Welfare fund രൂപീകരിക്കണമെന്ന് സിൻഡിക്കേറ്റിന്റെ യോഗം തീരുമാനിച്ചിരുന്നു. എന്നാൽ ഇതു വരെയും രൂപീകരിച്ചു കാണുന്നില്ല. ഇത് രൂപീകരിക്കാൻ സർവ്വകലാശാലയിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം – പ്രൊഫ. (ഡോ) കെ ശ്രീജിത്ത് – സിൻഡിക്കേറ്റ് പ്രമേയവും രജിസ്ട്രാറുടെ ഉത്തരവുകളും അനുസരിച്ച്, കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, എം ജി സർവ്വകലാശാല എന്നിവയ്ക്ക് അവരുടെ സർവ്വകലാശാലയിലെ സ്റ്റാഫ് വെൽഫെയർ ഫണ്ടിന്റെ ബൈലോ അയച്ചു തരണമെന്ന് ആവശ്യപ്പെട്ട് കത്ത് അയച്ചിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയും എം ജി സർവ്വകലാശാലയും സ്റ്റാഫ് വെൽഫെയർ ഫണ്ടിന്റെ ബൈലോ അയച്ചു തരികയും ചെയ്തു. ഫിനാൻസ് ബ്രാഞ്ചിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളും

രജിസ്ട്രാറുടെ ഉത്തരവുകളും അനുസരിച്ച്, കണ്ണൂർ സർവ്വകലാശാല സ്റ്റാഫ് വെൽഫെയർ ഫണ്ടിനായുള്ള കരട് ബൈലോ കാലിക്കറ്റ് സർവ്വകലാശാലയുടേതിന് അനുസൃതമായി തയ്യാറാക്കി നിർദ്ദേശങ്ങൾ നൽകുന്നതിനായി ജീവനക്കാരുടെ രണ്ട് സംഘടനകൾക്കും കത്ത് അയച്ചു. തുടർന്ന് രണ്ട് ഓർമ്മക്കുറിപ്പുകളും അയച്ചിരുന്നു. രണ്ട് സംഘടനകളിൽ നിന്നും ഇത് സംബന്ധിച്ച് ഒരു മറുപടിയും ഇതുവരെ ലഭിച്ചിട്ടില്ല.

Q.No.18

Sri. Satheeshan P.K

കണ്ണൂർ സർവ്വകലാശാല 2021 ജൂൺ മുതൽ ഇന്നേ ദിവസം വരെ നിർമ്മാണ പ്രവർത്തികൾക്കും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ചിലവഴിച്ച തുക എത്രയാണ്? പ്രവൃത്തികളുടെ ഇനം തിരിച്ചും, കരാർ നൽകിയിരിക്കുന്ന ഏജൻസി ഏതെന്നും, മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിൽ എസ്റ്റിമേറ്റ് തുകയുടെ എത്ര ശതമാനമാണ് എന്നും വ്യക്തമാക്കുക?

ഉത്തരം - ഡോ. എ. അശോകൻ - 2021 ജൂൺ മുതൽ 17/02/2022 വരെ

| സി. നം | പ്രവർത്തികൾ | കരാർ നൽകിയിരിക്കുന്ന ഏജൻസി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിലെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഐടി റിലേറ്റഡ് പ്രവർത്തികൾ | യു എൽ സി സി എസ് ലിമിറ്റഡ് | Rs.89,78,383/- | സെക്കൻഡ് പാർട്ട് ബിൽ |
| 2 | സോളാർ സ്ട്രീറ്റ് ലൈറ്റ്സ് സ്ഥാപിക്കൽ പാലയാട്, മാങ്ങാട്ട് പറമ്പ്, താവക്കര ക്യാമ്പസുകൾ | എം പി സുഭാഷ് എസ് എസ് ഇലക്ട്രിക്കൽസ് ആലുവ, എച്ച് എൽ എൽ ഇൻഫ്രാടെക്ക് സർവ്വീസസ് ലിമിറ്റഡ് (HITES) | Rs.1,74,120/- | ഫൈനൽ ബിൽ |
| 3 | കാസർഗോഡ് ക്യാമ്പസിലെ കാന്റീൻ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ | യു എൽ സി സി എസ് ലിമിറ്റഡ് | Rs.1,27,275/- | ഫൈനൽ ബിൽ |
| 4 | പേപ്പർ ബർണർ സ്ഥാപിച്ച പ്രവർത്തി താവക്കര ക്യാമ്പസ് | സ്റ്റീൽ ടെക്ക്കോർട്ട് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് മലപ്പുറം | Rs.56,640/- | ഫൈനൽ ബിൽ |
| 5 | എച്ച് ടി സബ് സ്റ്റേഷൻ പയ്യന്നൂർ ക്യാമ്പസ് | ലിൻസ്റ്റ സർവ്വീസ സ്, എറണാകുളം, എച്ച് എൽ എൽ ഇൻഫ്രാടെക്ക് സർവ്വീസസ് ലിമിറ്റഡ് (HITES) | Rs.16,70,424/- | സെക്കൻഡ് പാർട്ട് ബിൽ |
| 6 | മാങ്ങാട്ട്പറമ്പ് ക്യാമ്പസിലെ കാർ പോർച്ചിലെ ഇലക്ട്രിക്ക് മെയിന്റനൻസ് പ്രവർത്തികൾ | ശ്രീ. വിജയൻ എം കെ, ഓവർസീയർ ഇലക്ട്രിക്കൽ | Rs.20,215/- | അഡ്വാൻസ് Rs.15,161/-+ Rs.5,054/- |

| | | | | |
|---|---|---|---|---|
| 7 | മാങ്ങാട്ട്പറമ്പ് ക്യാമ്പസിലെ ലേഡീസ് ഹോസ്റ്റൽ മെയിന്റനൻസ് പ്രവർത്തികൾ | ഡോ സുവർണ്ണ ശങ്കർ പി എസ് വാർഡൻ, ലേഡീസ് ഹോസ്റ്റൽ | Rs.4,13,745/- | അഡ്വാൻസ് തുക (75%) |
| 8 | സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ വാലേഷൻ ക്യാമ്പ് റൂമിലെ ഫാൻ റിപ്പയർ | ശ്രീ വിജയൻ എം കെ, ഓവർസീയർ ഇലക്ട്രിക്കൽ | Rs3,000/- | മുഴുവൻ തുക |
| 9 | മാങ്ങാട്ട്പറമ്പ് ക്യാമ്പസിലെ മെൻസ് ഹോസ്റ്റൽ ജനാല ഗ്ലാസുകൾ മാറ്റുന്ന പ്രവർത്തി | ഡോ വിൽസൺ വി എ, വാർഡൻ, മെൻസ് ഹോസ്റ്റൽ | Rs.55,264/- | അഡ്വാൻസ് തുക (75%) |
| 10 | മാങ്ങാട്ട്പറമ്പ് ക്യാമ്പസിലെ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവർത്തികൾ | ശ്രീ വിജയൻ എം കെ, ഓവർസീയർ ഇലക്ട്രിക്കൽ | Rs.74,993/- | അഡ്വാൻസ് Rs.67,125/-+ Rs.7,868/- |
| 11 | Local Area Network (LAN) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് താവക്കര ക്യാമ്പസ് | പവർ ടെക്ക് ഇലക്ട്രിക്കൽ, അഴീക്കോട് | Rs.36,438/- | മുഴുവൻ തുക |
| 12 | സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ഡിജിറ്റൽ ലാബിലെ ഇലക്ട്രിക് പ്രവർത്തികൾ | ശ്രീ. സദാശിവൻ കെ പി, ജി എസ് ഇലക്ട്രിക്കൽസ് പാപ്പിനിശേരി | Rs.53,599/- | മുഴുവൻ തുക |
| 13 | മാങ്ങാട്ട്പറമ്പ് ക്യാമ്പസ്സിലെ സെമിനാർ ഹാളിന്റെ അറ്റകുറ്റപണികൾ | ശ്രീ. വിജയൻ എം, ഓവർസീയർ ഇലക്ട്രിക്കൽ | Rs.12,717/- | ബാലൻസ് തുക |
| 14 | Local Area Network (LAN) പാലയാട്, ധർമ്മശാല, മാങ്ങാട്ട് പറമ്പ്, കാസർഗോഡ്, പയ്യന്നൂർ ക്യാമ്പസുകൾ | എം ഡോസ് ടെക്ക് സൊലൂഷ്യൻസ്, എച്ച് എൽ എൽ ഇൻഫ്രാടെക്ക് സർവീസസ് ലിമിറ്റഡ് (HITES) | Rs.25,18,534/- | സെക്കൻഡ് പാർട്ട് ബിൽ |
| 15 | സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിലെ ഇന്റീരിയർ ഫർണിഷിംങ്ങ്, യാർഡ് ഡവലപ്പ്മെന്റ് പ്രവർത്തികൾ | യു എൽ സി സി എസ് ലിമിറ്റഡ് | Rs.34,80,096/- | സെക്കൻഡ് പാർട്ട് ബിൽ |
| 16 | മാങ്ങാട്ട്പറമ്പ് ക്യാമ്പസിലെ ചുറ്റുമതിൽ പുന:നിർമ്മാണ പ്രവർത്തികൾ | സി പി ഡബ്ല്യു ഡി | Rs.10,00,000/- | പാർട്ട് ഓഫ് ഫൈനൽ ഡിപ്പോസിറ്റ് |
| 17 | വാം അപ്പ് ഏരിയ ഫോർ സിന്തറ്റിക്ക് ട്രാക്ക് മാങ്ങാട്ട് പറമ്പ് ക്യാമ്പസ് | സി പി ഡബ്ല്യു ഡി | Rs.25,00,000/- | സെക്കൻഡ് ഡിപ്പോസിറ്റ് |

| | | | | |
|---|---|---|---|---|
| 18 | ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിലെ മെയിന്റനൻസ് & ബ്യൂട്ടിഫിക്കേഷൻ പ്രവർത്തികൾ | ഡയറക്ടർ, ഫിസിക്കൽ എഡ്യുക്കേഷൻ | Rs.2,36,920/- | അഡ്വാൻസ് 100% ഓഫ് എസ്റ്റിമേറ്റ് |
| 19 | വിവിധ ക്യാമ്പസുകളിലെ ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട് നിർമ്മാണം | ഡയരക്ടർ, ഫിസിക്കൽ എഡ്യുക്കേഷൻ | Rs.5,34,600/- | അഡ്വാൻസ് 90% ഓഫ് എസ്റ്റിമേറ്റ്. |
| 20 | പയ്യന്നൂർ ക്യാമ്പസ്സിലെ കാന്റീൻ നിർമ്മാണം | സി പി ഡബ്ല്യു ഡി | Rs.25,00,000/- | സെക്കൻഡ് ഡപ്പോസിറ്റ് |
| 21 | മഞ്ചേശ്വരം ക്യാമ്പസിലെ ബോർവെൽ നിർമ്മാണം | സി പി ഡബ്ല്യു ഡി | Rs.1,14,300/- | ഫസ്റ്റ് ഡപ്പോസിറ്റ് |
| 22 | മഞ്ചേശ്വരം ക്യാമ്പസിലെ എൽ എൽ എം കോഴ്സ് ആരംഭിക്കുവാനുള്ള അടിസ്ഥാന പ്രവർത്തികൾ | രജിസ്ട്രാർ | Rs1,08,750/- | അഡ്വാൻസ് 75% ഓഫ് എസ്റ്റിമേറ്റ് |
| 23 | ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ യു പി എസ് ഇലക്ട്രിക്ക് വർക്ക് | വകുപ്പ് തലവൻ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് | Rs.46,986/- | അഡ്വാൻസ് 75% ഓഫ് എസ്റ്റിമേറ്റ് |
| 24 | ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഇലക്ട്രിക് വയറിംങ്ങ് വർക്ക് | അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) | Rs.11,340/- | പേയ്മെന്റ് |
| | ആകെ തുക | | Rs.2,47,28,339/- | |

## Expenditure for Construction/Maintenance works since June 2021

| Sl. No | Name of Work | Amount | Date | Agency of Work | Mob. advance |
|---|---|---|---|---|---|
| 1 | Construction of Seminar Complex Building at Thavakkara Campus | 50,70,189 | 06.07.2021 | ULCCS | NIL |
| 2 | Installation of 9 exhaust fans at Thavakkara Campus | 14,624 | 29.11.2021 | Local agency | NIL |
| 3 | Repair of HB Cutter at the Admin. Block, Thavakkara Campus | 1219 | 19.01.2022 | Local agency | NIL |
| 4 | Repair of 400 KVA Generator at Thavakkara Campus | 4150 | 07.02.2022 | Local agency | NIL |
| 5 | Cleaning of the ladies toilet in the Ladies room at the Admn. Block, Thavakkara Campus | 4000 | 17.02.2022 | Local agency | NIL |
| 6 | Maintenance of Administrative Building at Thavakkara Campus | 24,37,813 | 09.12.2021 | ULCCS | NIL |

| | | | | | |
|---|---|---|---|---|---|
| 7 | Clearing wild vegetation, Thalassery Campus, Palayad | 3,000 | 22.06.2021 | Local agency | NIL |
| 8 | Plumbing work at Thalassery Campus, Palayad | 4,200 | 21.06.2021 | Local agency | NIL |
| 9 | Providing protective wall at teachers flat, Thalassery Campus, Palayad | 44,230 | 22.06.2021 | Local agency | NIL |
| 10 | Removing fallen tree at Thalassery Campus, Palayad | 7,000 | 22.06.2021 | Local agency | NIL |
| 11 | Purchase and installation of 0.5 HP pump at Legal Studies, Thalassery Campus, Palayad. | 4,800 | 09.08.2021 | Local agency | NIL |
| 12 | Providing and fixing UPVC water pipe Thalassery Campus, Palayad | 21,280 | 02.08.2021 | Local agency | NIL |
| 13 | Servicing 100 KVA Generator at Thalassery Campus, Palayad | 12,081 | 17.08.2021 | Green Diesels | NIL |
| 14 | Plumbing work for teachers flat at Thalassery Campus, Palayad | 22,605 | 26.08.2021 | Local agency | NIL |
| 15 | Replacing tiles in the Dept. Of Economics at Thalassery Campus, Palayad | 41,250 | 27.08.2021 | Local agency | NIL |
| 16 | Aluminium partition work for the School of Legal Studies at Thalassery Campus, Palayad. | 83,250 | 02.09.2021 | Local agency | NIL |
| 17 | Repair of cracked floor of MCA lecture hall at Thalassery Campus, Palayad | 21,172 | 01.10.2021 | Local agency | NIL |
| 18 | Placing name boards in various locations at Thalassery Campus, Palayad | 41,440 | 28.09.2021 | Local agency | NIL |
| 19 | Replacing tiles for the Dept. Of Economics at Thalassery Campus, Palayad. | 41,250 | 25.10.2021 | Local agency | NIL |
| 20 | Fixing Name board at Thalassery Campus, Palayad | 42,716 | 16.11.2021 | G sign Calicut | NIL |
| 21 | Oil filtering of HT Substation at Thalassery Campus, Palayad. | 1,60,009 | 11.11.2021 | Sadasivan KP, Electrical Contractor | NIL |
| 22 | Electrical work for connecting computers for ITEC, Palayad | 6,206 | 09.12.2021 | Local agency | NIL |

| | | | | | |
|---|---|---|---|---|---|
| 23 | Reducing Contract Demang of Electricity of HT Substation at Thalassery Campus, Palayad | 1,68,999 & 5,857 | 20.12.2021 | Tranz Electrical consultancy, Kannur | NIL |

Details of fund released from June 2021 for the construction/maintenance works

| Sl no | Name of work | Amount released so far | Date | Agency | Mobilization Advance |
|---|---|---|---|---|---|
| 1 | Construction of 100 bedded ladies hostel Dharmasala | Rs.1.25.crore<br>Rs.15.Lakh<br>Rs.35 Lakh | 12.08.21<br>22.12.21<br>02.03.22 | CPWD | N A |
| 2 | Painting and Allied works in connection with NAAC visit 2021, All Campuses | Rs.57,56,232/-<br>Rs.50,00,000/- | 12.11.21<br>23.12.21 | CPWD | N A |
| 3 | Two entrance gates, two cattle traps, approach road and compound wall, Thavakkara Campus | Rs.34,66,240/-<br>Rs.15,33,760/- | 05.12.21<br>22.12.21 | CPWD | N A |
| 4 | Open well, UG Sump, Pump house, connecting water supply to the terrace tank, Mananthavady | Rs.50,00,000/- | 12.08.21 | CPWD | N A |
| 5 | Arranging inaugural venue of 100 bedded ladies hostel Dharmasala | Rs.8323/- | 10.02.22 | Local | N A |
| 6 | Repairing drinking water pipeline at the staff quarters,Dharmasala | Rs1462/- | 10.02.22 | Local | N A |
| 7 | Gardening /beautification Dharmasala Campus | Rs.1,22,800/- | 28.10.21 | Local | N A |
| 8 | Additional work NAAC visit School of Pedagogical Sciences, Dharmasala | Rs.51216/- | 01.12.21 | Local | N A |
| 9 | Additional wiring installing 5 KV UPS at School of Pedagogical Sciences, Dharmasala | Rs.29696/- | 14.12.21 | Local | N A |
| 10 | Repairing broken window glasses of LH Mananthavady | Rs.26500/- | 18.12.21 | Local | N A |
| 11 | Purchase of curtains, School of Pedagogical Sciences, Dharmasala | Rs.49000/- | 08.11.21 | Local | N A |
| 12 | Installing new bore well motor, staff quarters Dharmasala | Rs.23000/- | 09.11.21 | Local | N A |
| 13 | Cleaning staff quarters premises with JCB, Dharmasala | Rs.3500/- | 02.09.21 | Local | N A |
| 14 | Line extension work. Current connection to newly constructed building at Mananthavady | Rs.10,63,598/- | 18.07.21 | KSEB Vellamunda | N A |

7.17 Mobilisation advance നൽകിയിരിക്കുന്നത് നിലവിലുള്ള ഉത്തരവ് പാലിച്ചു കൊണ്ടാണോ എന്ന ഡോ. ആർ.കെ. ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി ഈ കാലയളവിൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ലെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. എ.അശോകൻ പറഞ്ഞു.

7.18 പാർട്ട് ബിൽ നല്കുമ്പോൾ മൊബിലൈസേഷൻ അഡ്വാൻസിന്റെ എത്ര ശതമാനം തിരിച്ച് പിടിച്ചാണ് നല്കാറുള്ളതെന്ന ഡോ. ആർ.കെ ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി റൂൾ പ്രകാരമാണ് നല്കാറുള്ളതെന്ന് ചെയർ പറഞ്ഞു.

Q.No.19

Smt. Sona P

പ്രിൻസിപ്പൽ ഇൻ ചാർജ്ജ് നിയമന കാലാവധി മൂന്ന് മാസത്തേക്ക് മാത്രമായി സർവ്വകലാശാല അനുമതി നൽകുന്നത് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയത്ത് നൽകാൻ സാധിക്കാത്ത തരത്തിലുള്ള ഭരണ പ്രതിസന്ധി ഉണ്ടാക്കുന്നതിനാൽ പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് നിയമന കാലാവധി ആറുമാസമോ പുതിയ പ്രിൻസിപ്പാൾ ചാർജ്ജ് എടുക്കുന്നത് വരെയോ ദീർഘിപ്പിക്കണം എന്ന ഒരു പ്രമേയം 2021 സെപ്തംബർ 8 ന് ചേർന്ന സെനറ്റിൽ അവതരിപ്പിക്കുകയും പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തതാണ്. പിന്നീട് വന്ന അപേക്ഷകളിൽ ഈ തീരുമാനപ്രകാരം കാലാവധി നീട്ടി നൽകിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

<u>ഉത്തരം - പ്രമോദ് കുമാർ കെ.വി</u> - ഇല്ല. റെഗുലർ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് കോളേജുകൾ നടത്തിയ പ്രവർത്തനങ്ങൾ പരിശോധിച്ചാണ് വൈസ് ചാൻസിലർ Drawing and Disbursing Officer കാലാവധി നീട്ടി നൽകുന്നത്. ഓരോ കോളേജുകളും നടത്തിയിരിക്കുന്ന പ്രവർത്തനങ്ങളിലെ ഏറ്റക്കുറച്ചിലു കൾ അനുസരിച്ചു കാലാവധിയിലും മാറ്റങ്ങൾ ഉണ്ടാകാറുണ്ട്. പ്രിൻസിപ്പൽ ഇൻ ചാർജ് പദവിയിൽ സർവ്വകലാശാല നിയമന അംഗീകാരം നൽകാറില്ല. DDO പദവി മാത്രമേ അംഗീകരിച്ചു നൽകാറുള്ളൂ. നില വിലുള്ള DDO മാരുടെ കാലാവധി അതാത് കോളേജുകൾ ആവശ്യപ്പെടുന്നതിന നുസരിച്ച് 2022 മെയ് 31 വരെ ദീർഘിപ്പിച്ച് നൽകാൻ ഉത്തരവായിട്ടുണ്ട്.

Q.No.20

Dr. R. K. Biju

കണ്ണൂർ സർവ്വകലാശാലയിൽ 18/07/2019 ന് ശേഷം CAS വഴി പ്രൊഫസർ തസ്തികയിലേക്ക് പ്രമോഷൻ നേടിയിട്ടുള്ള സർവ്വകലാശാല പഠന വകുപ്പുകളിലെയും, എയ്ഡഡ് കോളേജിലെയും അസോസിയേറ്റ് പ്രൊഫസർമാർ ആരൊക്കെയാണ്? മേൽ പറഞ്ഞ അദ്ധ്യാപകർ ഗവേഷണ ജേർണലിൽ പ്രസിദ്ധീകരിച്ച് പബ്ലിക്കേഷൻസ് പ്ലേജറിസത്തിനു വിധേയമാക്കിയിട്ടുണ്ടോ? ഓരോ അസോസിയേറ്റ് പ്രൊഫസറും, പ്രൊഫസർ പോസ്റ്റിനു വേണ്ടി ക്ലെയിം ചെയ്ത പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്?

ഉത്തരം - പ്രൊഫ. വി ലിസി മാത്യു - നിലവിൽ എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് ആർക്കും തന്നെ പ്രൊഫസർ പദവി നൽകിയിട്ടില്ല. കണ്ണൂർ സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ 18/07/2019 ന് ശേഷം CAS വഴി പ്രൊഫസർ തസ്തികയിലേക്ക് പ്രമോഷൻ നേടിയിട്ടുള്ള അദ്ധ്യാപകരുടെ പട്ടിക താഴെ ചേർക്കുന്നു.

1. Dr. Joby K Jose, Dept. of Statistical Sciences.
2. Dr. Sudheesh S, Dept. of Chemistry.

മേൽ പറഞ്ഞ അദ്ധ്യാപകർ ഗവേഷണ ജേർണലിൽ പ്രസിദ്ധീകരിച്ച പബ്ലിക്കേഷൻസ് പ്ലേജറിസത്തിനു വിധേയമാക്കിയിട്ടില്ല.

**1. Dr. Joby K Jose**

1. Joby K Jose and M Manoharan, On Infinite Divisibility of Steady State Distributions in some Queueing Models, Journal of Indian Statistical Association.Vol 48-2,231-241, 2010 (UGC Listed)
2. M. Manoharan and Joby K. Jose. Markovian queueing system with random balking, Opsearch. Vol. 48(3), 2011, pp. 236–246. (SCOPUS Indexed)
3. Joby K Jose and M. Manoharan, Some Properties of the Steady State Characteristics of Discrete Time Queueing Models. Journal of Statistics: Advances in Theory and Applications, Vol.10-2,189-197, 2013
4. Joby K Jose and M. Manoharan, Optimum System Capacity for Markovian Queueing System with an Adaptive Balking. Journal of Statistics & Management Systems Vol. 17(2), 155-164, 2014. (WoS Indexed)
5. Joby K Jose and M. Manoharan, Bayesian Estimation of Rate Parameters of Queueing Models. Journal of Probability and Statistical Science 12(1), 69-76, 2014. (UGC Listed-old)
6. Joby K Jose and M. Manoharan, Beta half logistic distribution-A new probability model for life time data. Journal of Statistics & Management Systems 19(4), 587-604 2016. (WoS Indexed)
7. Joby K Jose and M. Manoharan, Infinite divisibility of some steady state Queue Characteristics. Journal of Indian Society of Probability & Statistics 18(2), 215-221 2017. (UGC Listed)
8. Joby K Jose and M. Manoharan, Bayesian Estimation of Queue Parameters by Bivariate Prior Distributions with Order Restriction. Journal of Indian Statistical Association Vol.56, No. 1 & 2, 29-46, 2018. (UGC Listed)
9. Joby K Jose, Thomas Xavier and Drisya M, Estimation of Stress- Strength Reliability using Kumaraswamy HalfLogistic Distribution. Journal of Probability and Statistical Science 17(2), 141-154, 2019. (UGC Listed-old)

10. Joby K Jose and Deepthi V. Bayesian Inference of Markovian Queueing Model with Two Heterogeneous Servers. Stochastic Modeling and Applications vol.24.(1),1-14 2020 (UGC Listed)
11. Thomas Xavier and Joby K. Jose. A study of stress-strength reliability using a generalization of power transformed half-logistic distribution. Communications in Statistics-Theory and Methods DOI: 10.1080/ 03610926.2020.1716250, 2020. (SCOPUS Indexed)
12. Joby K. Jose, Drisya M and Manoharan M. Estimation of stress-strength reliability using discrete phase type distribution. Communications in Statistics-Theory and Methods DOI: 10.1080/ 03610926.2020.1749663, 2020. (SCOPUS Indexed)
13. Joby K. Jose and Drisya M. Time-Dependent Stress-Strength Reliability Models based on Phase Type Distribution. Computational Statistics. DOI: 10.1007/s00180-020-00991-3, 2020. (SCOPUS Indexed)
14. Thomas Xavier and Joby K. Jose. Estimation of reliability in a multicomponent stress-strength model based on power transformed half-logistic distribution. International Journal of Reliability, Quality and Safety Engineering. https://doi.org/10.1142/S0218539321500091, 2020. (SCOPUS Indexed)
15. Deepthi V and Joby K Jose. Bayesian Inference On M/M/1 Queue Under Asymmetric Loss Function Using Markov Chain Monte Carlo Method. Journal of Statistics & Management Systems. (Accepted) 2020. (SCOPUS Indexed)
16. Deepthi V and Joby K Jose. Bayesian Estimation of M/Ek/1 Queueing Model Using Bivariate Prior. American Journal of Mathematical and Management Sciences. (Accepted) 2020. DOI: 10.1080/01966324. 2020. 1835589 (SCOPUS Indexed)
17. Thomas Xavier and Joby K. Jose. Stress-Strength Reliability Estimation involving Paired Observation with Ties Using Bivariate Exponentiated Half-Logistic Model. Journal of Applied Statistics. (Accepted) 2020. (SCOPUS Indexed)
18. Deepthi V and Joby K Jose. Bayesian estimation of an M/M/R queue with heterogeneous servers using Markov Chain Monte Carlo method. Stochastics and Quality Control. (Accepted) 2020. (SCOPUS Indexed)

19. M. Drisya and Joby K. Jose. Time-Dependent Stress-Strength Reliability Models with Phase-Type Cycle Times. Stochastics and Quality Control. (Accepted) 2020. (SCOPUS Indexed)

20. M. Drisya and Joby K. Jose. Stress-Strength Reliability Estimation of Time Dependent Models with Fixed Stress and Phase Type Strength Distribution. Revista Colombiana de Estadística. (Accepted) 2020. (SCOPUS Indexed)

**2. Dr. Sudheesh S, Dept. of Chemistry.**

1. Root extracts of Anacardium occidentale reduce hyperglycemia cc. and oxidative stress in vitro, Clinical Phytoscien Springer, ISSN 2199. Peer 1197; DOI: 10.1186/s40 816-021-00293-1 (Peer reviewed & UGC listed)
2. Plant Mediated biosynthesis of Zein- pectin nanoparticle: Preparation, Characterization and In vitro drug release study. 32: (2020), 1785-1791. Jksus. 2020.01.017., Journal of King Saud University. - Science,; ISSN 1018- 3647 https://doi.o rg/10.1016/j (Peer reviewed & UGC listed)
3. ABTS radical scavenging and antimicrobial activities of flavonoid fraction and from Terminalia bellerica fruit rinds.,2019, 9(3-s), 544-548, Journal of drug delivery and Therapeutics,ISSN:2250- 1177 https://jddtonline.info; https://dx.doi.org/10.22270/jdvt.v9i3-s.3084, (Peer reviewed & UGC listed)
4. Cytotoxic and antigenotoxic properties of phenolic compound isolated from the fruit of Terminalia chebula on Hela Cell. 2019, 8: 15, 2-6, Beni-Suef University Journal of Basic and Applied Sciences. Springer, ISSN 0975-7538; https://doi.org/10.1186/s43088-019-0017-9/. (Peer reviewed & UGC listed)
5. Study of in vitro antioxidant and DNA damage protection activity of a novel luteolin derivative isolated from Terminalia chebula. 2019, 13(1), 755-63, Journal of Taibah University of Science. Taylor and Francis Impact Factor 1.863. ISSN 1685-3655 https://doi.org/10.1080/ 16583655.2019.163089. (Peer reviewed & UGC listed)
6. Antiinflammatory potential of flavonoids from Hemigraphis colorata 2018 6(2), 569- 574; International Journal of Life sciences, ISSN: 2320-964X. (Peer reviewed & UGC listed)
7. An alkaloid derivative from Coccinia fenestratum exhibit dual COX/LOX inhibition,5(1), 2018, 117- 121;Journal of innovations in pharmaceuticals and biological sciences,ISSN:2349-2759. (Peer reviewed & UGC listed)
8. Free radical scavenging and in vitro α-amylase inhibition activities of flavonoids from the fruit rind of Terminalia bellirica, 2018, 9(4), 1306-1312,

International journal of Research in pharmaceutical sciences, ISSN;0975-7538, DOI:https://doi.org/10.26452/ijrps.v 9i4.1678. (Peer reviewed & UGC listed)

9. Screening study of three medicinal plants for their antioxidant and cytotoxic activity, 2018, 9(9), 3781-3787; International Journal of pharmaceutical sciences and research. DOI:10.13040/IJPSR.0975-8232.9 (9).3781-87; E-ISSN: 0975-8232; P-ISSN: 2320-5148. (Peer reviewed & UGC listed)
10. A novel chalcone derivative from Punica granatum peel inhibits LOX/COX enzyme activity. 2018, 7, 593-97, Beni-Suef University Journal of Basic and Applied Sciences.Elsevier, ISSN2314-8535 https:/doi.org/10.1016/j. bjbas.2018.07.001. (Peer reviewed & UGC listed)
11. Structural characterisation of a novel derivative of myricetin from Mimosa pudica as an antiproliferative agent for the treatment of cancer. 2016, 84, 1067-1077.Biomedicin e and Pharmacot herapy Impact Factor: 4.545 Elsevier. ISSN 0753- 3322 (Peer reviewed & UGC listed)
12. In vitro studies of Immunomodulatory and free radical scavenging activities of flavonoid isolated from Mimosa pudica. 2014, 5 (10), 4254-4261; International Journal of pharmaceutical sciences and research.E-ISSN: 0975-8232. (Peer reviewed & UGC listed)
13. Study of In vitro Immunomodulatory effect of flavonoid isolated from Phyllanthus niruri on human blood lymphocytes and evaluation of its antioxidant potential, Vol 6(2), 2014. International Journal of Pharmacognosy and Phytochemical Research. ISSN: 0975-4873. (Peer reviewed & UGC listed)
14. Comparative evaluation of anticancer activities of flavonoids isolated from mimosa pudica, Aloe vera and Phyllanthus niruri against human breast carcinoma cell line (MCE-7) using MTT assay Vol 6(2), 2014. International J. of Pharmacy and Pharmaceutical sciences,.ISSN: 0975-1491 (Peer reviewed & UGC listed)
15. Development of Zein – Pectin Nanoparticle as Drug Carrier – Vol 4, No 2, 2012 .International Journal of Drug Delivery. (Peer reviewed & UGC listed)
16. A novel chalcone derivative from Punica granatum peel inhibits LOX/COX enzyme activity. 2018, 7, 593-97.Beni-Suef University Journal of Basic and Applied Sciences. Elsevier; ISSN 2314- 8535 https:/doi .org/10.1 016/j.bjb as.2018. 07.001 (Peer reviewed & UGC listed)

17. Screening study of three medicinal plants for their antioxidant and cytotoxic activity, 2018, 9(9), 3781-3787; International Journal of pharmaceutic al sciences and research. DOI: 10.13040 /IJPSR.0 975- 8232; EISSN:09 75-8232; PISSN:23 20-5148 (Peer reviewed & UGC listed)
18. Free radical scavenging and in vitro α-amylase inhibition activities of flavonoids from the fruit rind of Terminalia bellirica, 2018, 9(4), 1306-1312 .International journal of Research in pharmaceutic al sciences. ISSN; 0975-7538, DOI: https://do i.org/10. 26452/ijr ps.v9i4.1 678 (Peer reviewed & UGC listed)
19. An alkaloid derivative from Coccinia fenestratum exhibit dual COX/LOX inhibition, 5(1), 2018, 117- 121; Journal of innovations in pharmaceuticals and biological sciences.ISSN: 2349- 2759 (Peer reviewed & UGC listed)
20. Anti inflammatory potential of flavonoids from Hemigraphis colorata 2018 6(2), 569- 574;International Journal of Life sciences, ISSN: 2320- 964X (Peer reviewed & UGC listed)
21. Study of in vitro antioxidant and DNA damage protection activity of a novel luteolin derivative isolated from Terminalia chebula. 2019, 13(1), 755-63. Journal of Taibah University of Science. Taylor and Francis Impact Factor 1.863. ISSN 1658- 3655 https://do i.org/10. 1080/165 83655.20 19.16308 92 (Peer reviewed & UGC listed)
22. Cytotoxic and antigenotoxic properties of phenolic compound isolated from the fruit of Terminalia chebula on Hela Cell. 2019, 8: 15, 2-6 .Beni-Suef University Journal of Basic and Applied Sciences. Springer. ISSN 0975-7538; https://do i.org/10. 1186/s43 088-019- 0017-9.(Peer reviewed & UGC listed)
23. ABTS radical scavenging and antimicrobial activities of flavonoid fraction from Terminalia bellerica fruit rinds., 2019, 9(3-s), 544-548.Journal of drug delivery and Therapeutics .ISSN:22 50-1177 https://jd dtonline.i nfo; https://dx .doi.org/ 10.22270 /jdvt.v9i 3-s.3084, (Peer reviewed & UGC listed)
24. Plant mediated biosynthesis of zein – pectin nanoparticle: Preparation, Characterization and In vitro drug release study. 32: (2020), 1785-1791.jksus.2020.01.017.Journal of King Saud University – Science, Impact Factor: 3.819; Elsevier, ISSN 1018- 3647; https://do i.org/10. 1016/j. (Peer reviewed & UGC listed)

25.Root extracts of Anacardium occidentale reduce hyperglycemia and oxidative stress in vitro 2021, 7; 57, 1-9. Clinical Phytoscience. Springer. ISSN 2199- 1197; DOI : 10.1186/ s40816- 021- 00293-1 (Peer reviewed & UGC listed)

26.Potential health benefits of flavonoids from Punica granatum. 'Chemistry and Biotechnology of poly phenols' Chapter 2. 2011, 33-CIBET Publishers, ThiruvananthapuramEd.Sa bu A, Roussos.S and Auguilar C. N. Akshara printers, Thiruvananthapuram. National ISBN978 -81- 920782- 0-5 (Peer reviewed)

27.Biotransformation Enzymes' (Chapter 5); Bioresources and Bioprocesses in Biotechnology; 2017, Volume 2; 129-150. Ed: Shiburaj S, N.S. Pradeep, Sabu A; Springer. International. ISBN 978- 981- 10-4284- 3 (Peer reviewed).

Q.No.21

Dr. Shanoj M P

യൂണിവേഴ്സിറ്റി സേവനാവകാശ നിയമ പ്രകാരം അപേക്ഷിച്ച് ഒരു മാസത്തിനുള്ളിൽ വിദ്യാർത്ഥികളുടെ ഡിഗ്രി ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇതുപ്രകാരം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കാലതാമസം വരാനുള്ള കാരണം എന്താണ്?

ഉത്തരം – പ്രൊഫ. പി. മഹേഷ് കുമാർ – സർവ്വകലാശാലയിൽ സേവനാവകാശ നിയമം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് രജിസ്ട്രാർ തയ്യാറാക്കിയ കരട് പ്രപ്പോസൽ പരിശോധനക്കും പരിഗണനക്കുമായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർമാർക്ക് കൈമാറിയിരിക്കുകയാണ്. കരട് പ്രപ്പോസലിൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം സേവനാവകാശ നിയമത്തിന്റെ പരിധിയിൽ പെടുത്തിയിട്ടില്ല. നിലവിൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ സെക്ഷനിൽ ലഭിച്ച് 4 മാസത്തിനുള്ളിൽ (നോർമൽ ട്രാക്ക് മുഖേന) സർട്ടിഫിക്കറ്റ് വിതരണം ചെയ്തുവരുന്നുണ്ട്. അത്യാവശ്യമുള്ള വിദ്യാർത്ഥികൾക്ക്, ആവശ്യങ്ങൾ പരിഗണിച്ച് ഫാസ്റ്റ് ട്രാക്ക് മുഖേന ഒരാഴ്ചകൊണ്ട് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകൾ കൈകാര്യം ചെയ്യാൻ ആനുപാതികമായി ജീവനക്കാരില്ലാത്തതും Official Transcript, Genuineness Verification എന്നിവയ്ക്ക് കൂടുതൽ അപേക്ഷകൾ വരുന്നതും സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കുന്നുണ്ട്.

7.19 ഇതുമായി ബന്ധപ്പെട്ട rules, procedures എന്നിവ എളുപ്പമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ചെയർ പറഞ്ഞു.

7.20 അഡ്വ. എം.കെ ഹസ്സന്റെ ഉപചോദ്യത്തിനുത്തരമായി ഫീസ് വർദ്ധിപ്പിച്ച് എല്ലാ വിദ്യാർത്ഥികൾക്കും ഫാസ്റ്റ്ട്രാക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസരം

നല്കുമെന്ന് ചെയർ പറഞ്ഞു. ഡിഗ്രി സർട്ടിഫിക്കറ്റ് അപേക്ഷകളുമായി ബന്ധപ്പെട്ട പുതിയ rules, procedures എന്നിവ അടുത്ത സിന്റിക്കേറ്റിൽ പരിഗണിച്ച് പ്രസിദ്ധീകരിക്കാമെന്നുകൂടി ചെയർ കൂട്ടിച്ചേർത്തു.

Q.No.22

Sri. Saju P.J

സർവ്വകലാശാലയിൽ ഒരു Creche തുടങ്ങാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നു. എന്നാൽ ഇത് വരെയായി അത് പ്രവർത്തന സജ്ജമായി കാണുന്നില്ല. ഇത് പ്രവർത്തന ക്ഷമമാക്കാൻ തടസ്സമായി നിൽക്കുന്നത് എന്താണ്? ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം - ഡോ. രാഖി രാഘവൻ - താവക്കര ക്യാമ്പസിലെ സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിൽ ക്രെഷിന്റെ പ്രവർത്തനത്തിന് സ്ഥലം നീക്കിവെക്കുകയും ക്രെഷിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കൂടാതെ പ്രസ്തുത കമ്മിറ്റിയുടെ യോഗം 24.02.2022 ന് രജിസ്ട്രാറുടെ ചേംബറിൽ ചേരുകയും ക്രെഷിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാൻ ജ്വാല, വിമൻസ് ഫോറം എന്നിവയുടെ പ്രതിനിധികളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്രെഷിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികൾ 2 മുതൽ 5 വയസ്സുവരെ ഉള്ളവരായിരിക്കണം എന്നും തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

Q.No.23

Dr. R. K. Biju

കണ്ണൂർ സർവ്വകലാശാലയിലെ നിലവിലുള്ള പഠന ബോർഡുകളിൽ അതാതു വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയിട്ടില്ലാത്ത എത്ര വിഷയ വിദഗ്ധർ ഉണ്ട്? വിഷയാടിസ്ഥാനത്തിൽ അവരുടെ പേര് വിവരങ്ങൾ നൽകുക.

ഉത്തരം

വിഷയം ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ വിധി വന്നതിന് ശേഷം ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

7.21 നിലവിൽ ഈ ചോദ്യത്തിന് പ്രസക്തി ഇല്ലാത്തതിനാൽ ചോദ്യം ചോദിക്കുന്നില്ലെന്ന് ഡോ. ആർ.കെ ബിജു അറിയിച്ചു.

Q.No.24

Sona P

സിൽവർ ജൂബിലി പദ്ധതിയിൽ ഉൾപ്പെടുത്തി സെമിനാറുകൾ/ശില്പശാലകൾ എന്നിവ നടത്താനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്താനും തീരുമാനിച്ചിരുന്നു. ഇതിൽ എത്ര പരിപാടികൾ ഇതിനകം നടപ്പാക്കപ്പെട്ടിട്ടുണ്ട്?

ഉത്തരം - പ്രൊഫ. (ഡോ) കെ ശ്രീജിത്ത് - സിൽവർ ജൂബിലിയുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ സെമിനാറുകൾ /

ശില്പശാലകൾ എന്നിവ നടത്തുന്നതിന് വേണ്ടി 5,00,000/ രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിൽ നിന്ന് അനുവദിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

7.22 ഔദ്യോഗിക പ്രമേയം

7.23 സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു.

7.24 Draft National Higher Education Qualification Framework (DNHEQF) ൽ പ്രതിപാദിച്ച ദേശീയ തലത്തിൽ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയുടെ പേരുപറഞ്ഞു കൊണ്ടുവരാൻ പോകുന്ന പൊതു കരിക്കുലവും സിലബസും ഒറ്റ ഇന്ത്യ ഒറ്റ കരിക്കുലം എന്ന കേന്ദ്രീകരണ ആശയത്തെ സാധൂകരിക്കുന്നതാണ്. ഇത് ഇന്ത്യൻ സർവ്വകലാശാലകളുടെ വൈവിധ്യവും സംസ്കാരവും നശിപ്പിക്കും. അതുകൊണ്ട് തന്നെ ഇത്തരം നീക്കങ്ങളിൽ നിന്ന് യു.ജി.സി യും കേന്ദ്ര സർക്കാരും പിന്മാറണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

7.25 ഈ പ്രമേയത്തെ മുഴുവൻ അംഗങ്ങളും പിന്താങ്ങി.

7.26 പ്രമേയം സഭ പാസ്സാക്കി.

**II. Business brought forward by the Members of the Syndicate and the Vice-Chancellor.**

**i. Consider and pass resolution on the Annual Report for the year 2021.**

7.27 262 പേജുള്ള വാർഷിക റിപ്പോർട്ട് ഓൺ ലൈനിൽ സോഫ്റ്റ് കോപ്പി ആയിട്ടാണ് ലഭിച്ചത്. അത് കൊണ്ട് തന്നെ പൂർണ്ണമായി വായിക്കാൻ സാധിച്ചിട്ടില്ല. ചട്ടപ്രകാരം ഹാർഡ് കോപ്പി കിട്ടിയിരുന്നെങ്കിൽ കുറച്ചുകൂടി വിശദമായി പരിശോധിക്കാൻ കഴിയുമായിരുന്നെന്ന് ഡോ. ആർ.കെ.ബിജു പറഞ്ഞു.

7.28 വാർഷിക റിപ്പോർട്ടിൽ പേജ് നമ്പർ 15 ൽ Second Cycle of NAAC Accreditation എന്നതിന് പകരം First Cycle of NAAC Accreditation എന്നാണ് ചേർത്തിട്ടുള്ളത്.

7.29 പേജ് നമ്പർ 29 മുതൽ 54 വരെ Board of Studies and Chairperson എന്നതിൽ Board of Studies list ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ ഇത് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം.

7.30 പേജ് 62 മുതൽ 64 വരെ കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ വലിയ എഡിറ്റിങ്ങൊന്നും നടത്താതെ പുനരാവിഷ്കരിക്കുകയായിരുന്നു. RUSA യുമായി ബന്ധപ്പെട്ടതൊന്നും കാണിച്ചിട്ടില്ല. ഒരു വർഷത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നാണ് വാർഷിക റിപ്പോർട്ട് പറയേണ്ടത്.

7.31 IQAC യുടെ ജനറൽ സ്ട്രക്ചർ മാത്രമാണ് പേജ് 64 ൽ നൽകിയിരിക്കുന്നത്. കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നത് വ്യക്തമാക്കണം. സർവ്വകലാശാലയുമായി ബന്ധപ്പെട്ട MoU പല സ്ഥലങ്ങളിലും ആവർത്തിച്ചു വന്നിട്ടുണ്ട്.

7.32 73-ാമത്തെ പേജിൽ Civil Service Training Institute - കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ പേജ് നമ്പർ 70 ൽ 2019-20 വർഷം 42 പേർ രജിസ്റ്റർ ചെയ്തതായി നേരത്തെ പറഞ്ഞിരുന്നു. 2020-21 ൽ 13 പേർ രജിസ്റ്റർ ചെയ്തു. കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ 42 ന് പുറമെ 32 പേരെ വേറെ രജിസ്റ്റർ ചെയ്തു എന്ന് പറയുന്നു. ഈ വർഷം 12 പേരെ രജിസ്റ്റർ ചെയ്തു. ഈ കണക്കിൽ പല പൊരുത്തക്കേടുകളും കാണുന്നു. ആയതിനാൽ Civil Service Training Institute ൽ എത്ര പേരാണ് പഠിക്കുന്നത് എന്ന കാര്യത്തിൽ പോലും അവ്യക്തത നിലനിൽക്കുകയാണ്.

7.33 Chairs & Endowments കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ പേജ് നമ്പർ 70, 71 ൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ഈ വാർഷിക റിപ്പോർട്ടിൽ 74, 75 പേജ് നമ്പറിൽ പറഞ്ഞിരിക്കുന്നത്. ഉദാഹരണമായി 27/08/2019 ൽ നടന്ന ഇ.കെ.നായനാർ ചെയറിന്റെ പേരിൽ നടത്തിയ സെമിനാർ കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും വാർഷിക റിപ്പോർട്ടിൽ ഉണ്ട്. ബാരിസ്റ്റർ എം.കെ. നമ്പ്യാർ ചെയറിന്റെ പരിപാടിയുമായി ബന്ധപ്പെട്ടും ഇത്തരം അപാകതകൾ ഉണ്ട്.

7.34 Details of staff in the University - കഴിഞ്ഞ വർഷത്തെ കണക്ക് തന്നെയാണ് ഈ വർഷവും ആവർത്തിച്ചു വന്നിരിക്കുന്നത്. Super numerary തസ്തികകൾ കഴിഞ്ഞ വർഷം കൊടുത്ത് തന്നെയാണ് ഇപ്പോഴുമുള്ളത്. കഴിഞ്ഞ വർഷം വിരമിച്ചവരും ഉണ്ടാവുമല്ലോ.

7.35 Single Window Cell 2020 ൽ എല്ലാ പ്രോഗ്രാമുകൾക്കും ഉള്ള കുട്ടികളുടെ എണ്ണം തന്നെയാണ് ഈ വർഷവും കാണിച്ചിരിക്കുന്നത്.

7.36 സർവ്വകലാശാല അടുത്ത സാമ്പത്തിക വർഷത്തിൽ അർഹതയുള്ളവർക്ക് പ്രതിമാസം 10000/- രൂപ വീതം Junior Research Fellowship നൽകുമെന്ന് പറഞ്ഞിരുന്നു. (page no.137– other relevant information) അതും ആവർത്തിച്ചു വന്നിട്ടുണ്ട്. ഏത് സാമ്പത്തിക വർഷത്തിൽ തുടങ്ങിയതാണെന്ന് പറഞ്ഞിട്ടില്ല.

7.37 Stock and Asset Register ഇൻസ്റ്റാൾ ചെയ്ത കാര്യത്തിലും ഏത് സാമ്പത്തിക വർഷമെന്ന് പറയുന്നില്ല. (page no. 148) പല കാര്യങ്ങളും cut & paste ചെയ്തിരിക്കുകയാണ്. NSS സെല്ലിന്റെ കാര്യത്തിലും (page no. 150 & 151) 2020 വർഷത്തേത് തന്നെയാണ് 2021 ൽ കാണിച്ചിരിക്കുന്നത്. പല കമ്മിറ്റികളുടെയും 2020 എന്ന വർഷം മാത്രം മാറ്റി 2021 ആക്കിയിരിക്കുകയാണ്.

7.38 വാർഷിക റിപ്പോർട്ട് തയ്യാറാക്കിയവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർവ്വകലാശാല തയ്യാറാവണമെന്നും ഇത് തിരുത്തൽ വരുത്തിയ ശേഷം അടുത്ത സെനറ്റിൽ മാത്രമേ അംഗീകരിക്കാവൂ എന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു.

7.39 തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ ഡോ. ആർ.കെ ബിജു ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും പ്രസക്തിയുള്ളതാണെന്നും തിരുത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പെട്ടെന്ന് തന്നെ തിരുത്തുമെന്നും

അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാൻ രജിസ്ട്രാറോട് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

7.40 പല കോളേജുകളിൽ നിന്നും ഡിപ്പാർട്ട്മെന്റുകളിൽ നിന്നും വളരെ വൈകിയാണ് റിപ്പോർട്ട് ലഭിക്കുന്നതെന്നും അതുതന്നെ മുൻവർഷങ്ങളിലെ കോപ്പിയാണ് അയക്കുന്നതെന്നും പ്രോ വൈസ് ചാൻസിലർ പറഞ്ഞു. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ എല്ലാം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും വാർഷിക റിപ്പോർട്ട് പാസ്സാക്കിക്കൊണ്ട് തിരുത്തലുകളോടെ അയക്കുന്നതിന് തീരുമാനം എടുക്കുന്നതായിരിക്കും നല്ലതെന്നും പ്രോ വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

7.41 കുറച്ച് വൈകിയാലും വാർഷിക റിപ്പോർട്ടിൽ ആവശ്യമായ തിരുത്തൽ വരുത്തി അംഗീകരിക്കുന്നതാണ് നല്ലതെന്ന് ഡോ. ആർ.കെ.ബിജു പറഞ്ഞു. തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ തിരുത്തൽ വരുത്തിക്കൊണ്ട് വാർഷിക റിപ്പോർട്ട് പാസ്സാക്കാമെന്ന് പറഞ്ഞു. ആവശ്യമായ തിരുത്തലുകളോടെ വാർഷിക റിപ്പോർട്ട് സഭ അംഗീകരിച്ചു.

## III. Business brought forward by the members of the Senate.

7.42 <u>അടിയന്തിര പ്രമേയം</u>

7.43 ഡോ. ഷനോജ് എം.പി, ഡോ. ആർ.കെ ബിജു എന്നിവർ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയതായി രജിസ്ട്രാർ യോഗത്തെ അറിയിച്ചു.

7.44 ഡോ. ഷനോജ് എം.പി യുടെ പ്രമേയം സ്വീകരിക്കുന്നതായി വൈസ് ചാൻസിലർ അറിയിച്ചു.

7.45 ഡോ. ഷനോജ് എം.പി. പ്രമേയം അവതരിപ്പിച്ചു.

7.46 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 50% അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിലോ നിശ്ചിത കാലയളവിസേക്കോ നിയമിക്കാൻ വഴി തുറക്കുന്ന യു.ജി.സി. യുടെ മാർഗ്ഗരേഖ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനുതകുന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വജന പക്ഷപാതത്തിനും മൂല്യശോഷണത്തിനും വഴിയൊരുക്കുന്ന രീതിയിൽ ഗവേഷണ മേഖലകളിൽ നിന്നും പ്രൊഫഷണൽ മേഖലകളിൽ നിന്നും വിസിറ്റിങ്ങ് പ്രൊഫസർമാരെ നിയമിക്കാൻ ഒരുങ്ങുന്ന പ്രൊഫസർ ഓഫ് പ്രാക്ടീസ് എന്ന നിർദ്ദേശവും വലിയ അപകടം സൃഷ്ടിക്കും.

വൈജ്ഞാനിക മേഖലകളുടെ വികസനത്തിനും വിമർശനാത്മക ചിന്തകൾക്കും യുക്തിബോധത്തിനും വഴിയൊരുക്കാത്തതും രാജ്യത്തിന്റെ ബഹുസ്വരതയ്ക്കും മതനിരപേക്ഷ മൂല്യങ്ങൾക്കുമപ്പുറം കേവലം തൊഴിലവസരം എന്ന ഒറ്റ ലക്ഷ്യത്തെ മുൻ നിർത്തി വിദഗ്ധ തൊഴിലാളി വൃന്ദത്തെ സൃഷ്ടിക്കാൻ പോന്നതും ആയ നിർദ്ദേശങ്ങൾ ഉള്ള നാഷനൽ ഹയർ എജ്യുക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കും (NHEQF) മതിയായ കൂടിയാലോചനകൾ ഇല്ലാതെ നടപ്പിലാക്കാനാണ് യു.ജി.സി യുടെ ശ്രമം.

രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികല വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ നിന്ന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയവും യു.ജി.സി. യും പിന്തിരിയണമെന്ന് ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.47 മിനിസ്ട്രിയുടെ പേര് ഇപ്പോൾ Ministry of Educational Skill Acquisition and entrepreneurship എന്നാണ് എന്നും Ministry of Human Resource Development എന്നല്ല എന്നും പ്രസ്തുത ഭേദഗതി വരുത്തിക്കൊണ്ട് പ്രമേയം പാസ്സാക്കാമെന്നും വൈസ് ചാൻസിലർ പറഞ്ഞു.

7.48 ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

7.49 ഡോ. ആർ.കെ ബിജു വിന്റെ പ്രമേയം നേരത്തെ എടുത്ത തീരുമാനം തിരുത്തുന്നതുമായി ബന്ധപ്പെട്ടതാണെന്നും retrospective ആയി അങ്ങനെ ചെയ്യാൻ കഴിയില്ലെന്നും വൈസ് ചാൻസിലർ അറിയിച്ചു.

Resolution No.1

<u>Sri. Satheesan P.K</u> moved the resolution

പ്രമേയം - സെനറ്റ് യോഗത്തിൽ അംഗീകരിച്ച പ്രമേയത്തിൻ മേൽ സിണ്ടിക്കേറ്റ് കൈക്കൊണ്ട തീരുമാനങ്ങൾ പ്രമേയ അവതാരകർക്ക് രേഖാമൂലം നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.50 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

7.51 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.2

<u>Sri. Satheesan P.K</u> moved the resolution

പ്രമേയം - കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ജീവനക്കാർക്കും കാൽടെക്സ്, യൂണിവേഴ്സിറ്റി, ബസ് സ്റ്റാന്റ് വഴി മുപ്പത് മിനിറ്റ് ഇടവിട്ട് യൂണിവേഴ്സിറ്റി തലത്തിൽ മിനി വാൻ സർവ്വീസ് ആരംഭിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.52 ഇത് അനുവദിക്കാനാകില്ലെന്നും ഈ സ്ഥലങ്ങളിൽ നിന്നെല്ലാം സർവ്വകലാശാലയിലേക്ക് നടക്കേണ്ട ദൂരം മാത്രമേ ഉള്ളൂ വെന്നും വൈസ് ചാൻസിലർ അറിയിച്ചു.

7.53 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.3

<u>Sri. Vijayakumar V</u>

പ്രമേയം - സർവ്വകലാശാലയിലെ അഫിലിയേറ്റഡ് (Aided) കോളേജുകളിൽ പുതിയതായി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ നൽകണമെന്നും, നിയമനാംഗീകാരം ലഭിക്കുന്നതിനു വേണ്ടി കോളേജുകൾ സമർപ്പിക്കേണ്ട രേഖകളുടെ ഒരു ചെക്ക് ലിസ്റ്റ് സർവ്വകലാശാല മുൻകൂറായി പ്രസിദ്ധീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.54 ശ്രീ. വിജയകുമാർ വി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. ലത ഇ.എസ് പ്രമേയം അവതരിപ്പിച്ചു.

7.55 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

7.56 മെമ്പർ ഉന്നയിച്ച കാര്യങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ടെന്നും പ്രമേയത്തിന്റെ ആവശ്യമില്ലെന്നും സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ വി അഭിപ്രായപ്പെട്ടു. സർവ്വകലാശാല വളരെ സമയ ബന്ധിതമായിട്ടാണ് ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും ചെക്ക് ലിസ്റ്റ് സംബന്ധിച്ച കാര്യങ്ങൾ വെബ്സൈറ്റിലും കോളേജുകളിലുമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചെക്ക് ലിസ്റ്റ് കൃത്യമായ procedure രേഖപ്പെടുത്തിയിട്ട് കോളേജുകൾക്ക് അയച്ചു കൊടുക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

7.57 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.4

<u>Sri. Saju P J</u> moved the resolution

പ്രമേയം - മെയിൻ റോഡിൽ നിന്നും യൂണിവേഴ്സിറ്റിയിലേക്കുള്ള റോഡ് തിരിയുന്ന സ്ഥലത്ത് (ദംറോ ക്ക് മുൻവശം) ഒരു ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന് വേണ്ടി മോട്ടോർ വാഹന വകുപ്പിനോട് അഭ്യർത്ഥിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.58 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

7.59 ഇതോടൊപ്പം ട്രാഫിക് ലൈറ്റും ആവശ്യമാണെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. സീബ്രാ ലൈൻ വേണമെന്ന് ഡോ. ആർ.കെ ബിജു ആവശ്യപ്പെട്ടു.

7.60 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.5

<u>Dr. Ismayil Olayikkara</u> moved the resolution

പ്രമേയം - കേരള ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖല കേന്ദ്രീകരിച്ച് സമഗ്ര പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നു എന്നത് അഭിനന്ദനീയമാണ്. എയ്ഡഡ് കോളേജുകളിൽ ആർട്സ് & സയൻസ് വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സർക്കാരിനോട് യൂണിവേഴ്സിറ്റി ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.61 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.62 ഇതിൽ ഗവൺമെന്റ് കോളേജുകളെ കൂടി ഉൾപ്പെടുത്താമെന്ന് ചെയർ പറഞ്ഞു.

7.63 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.6

<u>Dr. Shanoj M P</u> moved the resolution

പ്രമേയം - കായിക മികവിന് സർവ്വകലാശാല എല്ലാ വർഷവും നൽകി വരുന്ന ജിമ്മി ജോർജ്ജ് ട്രോഫിയും മികച്ച കോളേജുകൾക്കുള്ള ക്യാഷ് അവാർഡുകളും

2020-21 വർഷത്തേത് ഇനിയും വിതരണം ചെയ്തിട്ടില്ല. അവ എത്രയും പെട്ടെന്ന് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈപ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.64 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

7.65 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.7

Dr. R K Biju moved the resolution

പ്രമേയം - സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കായി നൽകി വരുന്ന ട്രാവൽ അലവൻസും, ഡെയിലി അലവൻസും 10.02.2021 ലെ സർക്കാർ ഉത്തരവിന് (G.O.(P)No.27/2021/Fin dated 10/02/2021) ആനുപാതികമായി മാറ്റം വരുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.66 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

7.67 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.8

Dr. Shanoj M P moved the resolution

പ്രമേയം - അഫിലിയേറ്റഡ് കോളേജുകളിലെ അനദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട അപ്പോയിന്മെന്റ്, പ്രമോഷൻ തുടങ്ങിയ സർവ്വീസ് വിഷയങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.68 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.69 ഫീസ് ഈടാക്കി പരിശീലന പരിപാടികൾ സംഘടിപ്പിക്കാമെന്ന് ചെയർ പറഞ്ഞു.

7.70 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.9

Dr. Suresh Kumar K S moved the resolution

പ്രമേയം - കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ വിദ്യാർത്ഥികളുടെ അനുപാതം കൂടിയത് കോളേജുകളിലെ അദ്ധ്യാപന-പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ സർക്കാരിനോടു ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.71 ശ്രീമതി. സോന പി പ്രമേയത്തെ പിന്താങ്ങി.

7.72 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.10

Sri. Vijayakumar V moved the resolution

പ്രമേയം - കോളേജ് അദ്ധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയുടെ മീറ്റിംഗിൽ യു.ജി.സി നിഷ്കർഷിക്കുന്ന

ക്വാറം ഉണ്ടായാൽ മതിയെന്നും, രണ്ട് വിഷയ വിദഗ്ധൻമാരിൽ ഒരാൾ പങ്കെടുത്താൽ മതിയെന്നും യു.ജി.സി റെഗുലേഷൻ ഉദ്ധരിച്ചുകൊണ്ട് സർവ്വകലാശാല ഉത്തരവിറക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.73 ശ്രീ. വിജയകുമാർ വി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. ലത ഇ.എസ് പ്രമേയം അവതരിപ്പിച്ചു.

7.74 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

7.75 യു.ജി.സി റെഗുലേഷൻ സർവ്വകലാശാല ഉത്തരവായി ഇറക്കേണ്ട ആവശ്യമില്ലെന്ന് ഡോ. സുരേഷ് കുമാർ കെ.എസ്, ഡോ. ടി.പി അഷ്റഫ് എന്നിവർ അഭിപ്രായപ്പെട്ടു. മിനിമം ക്വാളിഫിക്കേഷനെ കുറിച്ച് മാത്രമാണ് യു.ജി.സി. പറയുന്നതെന്നും ക്വാളിഫിക്കേഷൻ കൂടുന്നത് കൊണ്ട് പ്രശ്നമൊന്നുമില്ലെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

7.76 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.11

Sri. Shanavas S M moved the resolution

പ്രമേയം - സർക്കുലർ നമ്പർ RD/SO/RD-D/1077/2022 പ്രകാരം പബ്ലിഷ് ചെയ്ത റിസർച്ച് പേപ്പറുകളുടെ Similarity Certificate ആവശ്യപ്പെടുന്നതായി കാണുന്നു. മേൽ വിഷയം പുനരാലോചിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.77 ശ്രീ. ഷാനവാസ് എസ്. എം തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No.12

Smt. Latha E S moved the resolution

The results of the revaluation of various semesters are declared very late. Through this resolution, I pray that the results of the revaluation be released within a fixed period.

7.78 ഡോ. ആർ. കെ ബിജു പ്രമേയത്തെ പിന്താങ്ങി.

7.79 റീവാല്യുവേഷൻ റിസൽട്ട് വൈകുന്നതിന് കോവിഡ് ഒരു കാരണമാണെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. റീവാലുവേഷൻ റിസൽട്ട് അധികം വൈകില്ലെന്നും ആറാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുമെന്നും വൈസ് ചാൻസിലർ പറഞ്ഞു.

7.80 സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ. ടി. ചന്ദ്രമോഹനൻ ചർച്ചയിൽ പങ്കെടുത്തു.

7.81 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.13

Sri. Saju P J moved the resolution

പ്രമേയം - ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ കാലങ്ങളിലായി നിയമനം ലഭിച്ചവരിൽ ചിലർക്ക് Statutory പെൻഷനും ചിലർക്ക് Contributory പെൻഷനും

എന്ന നിലയിലാണ് ഇപ്പോൾ ഉള്ളത്. ഒരേ റാങ്ക് ലിസ്റ്റിൽ നിന്ന് 01/04/2013 ന് ശേഷം നിയമനം ലഭിച്ചവർക്ക് NPS ൽ നിന്നും Statutory പെൻഷനിലേക്ക് കേന്ദ്ര സർക്കാർ മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതനുസരിച്ച് കേരളത്തിലെ സർവ്വകലാശാല ജീവനക്കാർക്കും ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് ഈ പ്രമേയത്തിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

7.82 ഡോ. സുരേഷ് കുമാർ കെ.എസ്. പ്രമേയത്തെ പിന്താങ്ങി.

7.83 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.14

Dr. Suresh Kumar K S moved the resolution

പ്രമേയം - കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്ത സെനറ്റ് നിലവിൽ വന്നിട്ട് മൂന്ന് വർഷം ആയെങ്കിലും യൂണിവേഴ്സിറ്റി ആക്ടും സ്റ്റാറ്റ്യൂട്ടും വ്യവസ്ഥപ്പെടുത്തിയ അധികാര അവകാശങ്ങൾ സെനറ്റിന് നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ആക്ടും സ്റ്റാറ്റ്യൂട്ടും പരിശോധിച്ച് സെനറ്റിന്റെ അധികാര അവകാശങ്ങൾ വ്യവസ്ഥപ്പെടുത്തി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.84 ഡോ. മനോജ് എം പി പ്രമേയത്തെ പിന്താങ്ങി.

7.85 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.15

Dr. Ismayil Olayikkara moved the resolution

പ്രമേയം - യൂണിവേഴ്സിറ്റി തലത്തിൽ അദാലത്ത് നടത്തി അംഗീകാരം നൽകിയ തസ്തികകളിൽ അടിയന്തിരമായി അധ്യാപക നിയമനം നടത്താനുള്ള നടപടി സ്വീകരിക്കണമെന് സർക്കാരിനോട് ആവശ്യപ്പെടണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.86 ഡോ. ഇസ്മായിൽ ഓലായിക്കര തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.16

Sri. Saju P J moved the resolution

പ്രമേയം - കേരളത്തിലെ സർവ്വകലാശാലകളുടെ പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് ധനകാര്യ (പെൻഷൻ ബി) വകുപ്പ് 19/01/2022 ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.8/2022/ധന നമ്പർ ഉത്തരവ് പിൻവലിക്കുകയും സർവ്വകലാശാല ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സർവ്വകലാശാല ജീവനക്കാരുടെ സേവന-വേതന-പെൻഷൻ ആനുകൂല്യങ്ങൾ സർക്കാർ ഖജനാവിൽ നിന്ന് നേരിട്ട് നൽകണമെന്നും ഈ പ്രമേയത്തിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

7.87 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

7.88 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.17

Smt. Sona P moved the resolution

പ്രമേയം - ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം മാസങ്ങളോളം വൈകുന്ന സാഹചര്യത്തിൽ, എയ്ഡഡ് കോളേജിലെ പ്രിൻസിപ്പാൾമാർക്ക് DDO പദവി നൽകിയതുപോലെ ഗസ്റ്റ് അദ്ധ്യാപകരുടെ മാസശമ്പളം അനുവദിക്കാനും പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.89 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.90 പ്രിൻസിപ്പാളിന് ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം കൊടുക്കാൻ അധികാരമില്ലെന്നും DDO മാരാണ് അത് ചെയ്യുന്നതെന്നും അതിനാലാണ് പ്രമേയം കൊണ്ടുവന്ന തെന്നും ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു.

7.91 ഡോ.ആർ.കെ ബിജു, ശ്രീ. സതീശൻ പി.കെ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

7.92 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.18

Smt. Sona P moved the resolution

പ്രമേയം - എൻ.സി.സി, എൻ.എസ്.എസ് വിദ്യാർത്ഥികൾക്ക് ഡിഗ്രി തലത്തിൽ പരീക്ഷകൾക്ക് ഗ്രേസ്മാർക്ക് ലഭിക്കുന്നുണ്ട്. വീണ്ടും പി ജി അഡ്മിഷൻ സമയത്ത് ഇവർക്ക് വെയിറ്റേജും നൽകുന്നുണ്ട്. ഒരേ വിദ്യാർത്ഥികൾക്ക് രണ്ടു തവണ ആനുകൂല്യങ്ങൾ നൽകുന്ന ഈ രീതിയിൽ അനൗചിത്യമുണ്ടോ എന്ന് പുന:പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.93 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.94 പ്രമേയം പാസാക്കരുതെന്ന് അഡ്വ. എം.കെ ഹസ്സൻ ആവശ്യപ്പെട്ടു.

7.95 ആനുകൂല്യങ്ങൾ റദ്ദ് ചെയ്യാനല്ല പ്രമേയം കൊണ്ടുവന്നതെന്നും അനർഹമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിൽ അത് പുന:പരിശോധിക്കണമെന്ന് മാത്രമാണ് ആവശ്യപ്പെട്ടതെന്നും ശ്രീമതി. സോന പി പറഞ്ഞു.

7.96 ഗ്രേഡിംഗ് സിസ്റ്റം നിലവിൽ വന്ന ശേഷമാണ് എൻ.സി.സിക്കും എൻ.എസ്.എസ്സിനും പ്രത്യേക ഗ്രേഡ് മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്താൻ തുടങ്ങിയത് ആ സമയത്ത് ഹയർ സ്റ്റഡീസിന് പോകുമ്പോഴുള്ള ആനുകൂല്യം നിഷേധിക്കപ്പെട്ടു. അത് ക്യാൻസൽ ചെയ്തിട്ടില്ല. അതകൊണ്ട് ഈ പ്രമേയം അംഗീകരിക്കണമെന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു.

7.97 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.19

Sri. Vijayakumar V moved the resolution

പ്രമേയം - സർവ്വകലാശാലയിൽ പ്രവർത്തിച്ചു വരുന്ന Incubation Centre ന്റെ പ്രയോജനം അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല

എന്ന വസ്തുത കുറെ കാലങ്ങളായി ചർച്ച ചെയ്യപ്പെടുകയാണ്. വിദ്യാർത്ഥികളിലെ സംരഭകശീലം വളർത്തുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും യാതൊരു വിധ നടപടികളും ഉണ്ടാകുന്നില്ല. ആയതിനാൽ സർവ്വകലാശാലയിലെ Incubation Centre ന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ഇതിനൊരു പരിഹാരം കാണണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.98 ശ്രീ. വിജയകുമാർ വി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. ലത ഇ.എസ് പ്രമേയം അവതരിപ്പിച്ചു.

7.99 ശ്രീ. സതീശൻ പി കെ പ്രമേയത്തെ പിന്താങ്ങി.

7.100 ചർച്ചകൾക്കു ശേഷം പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.20

Dr. Shanoj M P moved the resolution

പ്രമേയം - സെനറ്റിൽ പാസ്സാക്കുന്ന പ്രമേയങ്ങളിൽ മേൽ നടപടികൾ വൈകുന്ന സാഹചര്യമുണ്ട്. ഒരു സെനറ്റ് യോഗത്തിൽ പാസ്സായ പ്രമേയങ്ങളിലുള്ള തുടർ നടപടികൾ അടുത്ത സെനറ്റിൽ റിപ്പോർട്ട് ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.101 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.102 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.21

Dr. Premachandran Keezhoth moved the resolution

പ്രമേയം - കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി ആണ് നടത്തുന്നത് എന്നതിനാലും അടുത്ത കാലത്ത് സർവ്വകലാശാല അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന കാര്യങ്ങളുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉയർന്നതിനാലും സർവ്വകലാശാലയിലെ വിവിധ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സിക്ക് വിടണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.103 പ്രമേയം തള്ളിക്കളയണമെന്ന് ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

7.104 സഭ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.22

Sri. Sethumadhavan T moved the resolution

പ്രമേയം - കണ്ണൂർ യൂണിവേഴ്സിറ്റി ആസ്ഥാനമായ താവക്കരയിലേക്ക് മാനന്തവാടിയിൽ നിന്നും 91 കിലോമീറ്ററിലധികം സഞ്ചരിച്ചാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനും വിവിധ ആവശ്യങ്ങൾക്കുമായി യൂണിവേഴ്സിറ്റിയിലെത്തുന്നത്. വയനാട്ടിലെ വിവിധ കോളേജുകളിൽ നിന്നും ഔദ്യോഗിക രേഖകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ വിവരങ്ങളുടെ ഹാർഡ് കോപ്പി വൈകുന്ന പക്ഷം വലിയ തുക പിഴ ചുമത്തുന്നതും പതിവാണ്. വിവിധ പഠനാനുബന്ധ പരിപാടികൾ എൻ.സി.സി, എൻ.എസ്.എസ്, യൂണിവേഴ്സിറ്റി

കലാ കായിക മത്സരങ്ങൾ എന്നിവ സംബന്ധിച്ച സുപ്രധാന രേഖകൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മാനന്തവാടി ക്യാമ്പസിലോ മാനന്തവാടി ഗവൺമെന്റ് കോളേജിലോ യൂണിവേഴ്സിറ്റിയുടെ ഒരു ഉപ ഓഫീസ് സംവിധാനം അനുവദിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.105 ഇത് സാധ്യമല്ലെന്ന് വൈസ് ചാൻസിലർ വ്യക്തമാക്കി.

7.106 പ്രമേയം സഭ അംഗീകരിച്ചില്ല.

Resolution No.23

Smt. Latha E S moved the resolution

പ്രമേയം - The papers with regard to the promotion/placement of teachers forwarded for approval are not disposed in time. An unnecessary delay is being caused. Hence the Senate may resolve to set a fixed time limit for the disposal of such files in the interest of the teachers.

7.107 കാര്യങ്ങൾ സമയ ബന്ധിതമായാണ് ചെയ്യുന്നതെന്ന് ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. ഇത്തരം പരാതികൾ തന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നും ഉണ്ടെങ്കിൽ അത് പരിഹരിക്കുമെന്നും വൈസ് ചാൻസിലർ പറഞ്ഞു. promotion/placement എന്നിവ സമയ ബന്ധിതമായി ചെയ്യുന്നുണ്ടെന്നും കോളേജിൽ നിന്ന് നൽകുന്ന പേപ്പറുകളിൽ കുറവുണ്ടെങ്കിലാണ് വൈകുന്നതെന്നും ആയതിനാൽ പ്രമേയത്തിന്റെ ആവശ്യമില്ലെന്നും ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു. വൈസ് ചാൻസിലർ ഇത് അംഗീകരിച്ചു.

7.108 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.24

Sri. Satheesan P.K moved the resolution

പ്രമേയം - അംഗീകൃത കോളേജുകളിൽ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങളിൽ അടക്കം പ്ലേജറിസം ചെക്ക് ചെയ്യുന്നതിന് പേപ്പർ ഒന്നിന് 500 രൂപ എന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതടക്കം പരീക്ഷാ സംബന്ധമായ കാര്യങ്ങളിൽ ബന്ധപ്പെട്ടവരിൽ നിന്ന് ഭീമമായ തുക ഫൈൻ ഈടാക്കുന്നതിന് ഇറക്കിയ ഉത്തരവുകൾ പിൻവലിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.109 പ്രമേയം തള്ളിക്കളയണമെന്ന് ഡോ. സുരേഷ് കുമാർ കെ.എസ്, ശ്രീ. സാജു പി.ജെ എന്നിവർ ആവശ്യപ്പെട്ടു.പ്ലേജറിസം ചെക്ക് ചെയ്യുന്നതിന് ലക്ഷങ്ങൾ ചെലവാക്കിയിട്ടാണ് Turnitin Software തയ്യാറാക്കിയത്. 500/- രൂപ കൂടുതലല്ലെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. ഡോ. ആർ.കെ ബിജു ചർച്ചയിൽ പങ്കെടുത്തു.

7.110 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.25

Dr. R K Biju moved the resolution

പ്രമേയം - എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ പ്രൊപ്പോസലുകൾ യു.ജി.സി റെഗുലേഷനനുസരിച്ച് സർവ്വകലാശാലയിൽ

നിന്നും കൃത്യമായ പരിശോധന നടത്തിയാണ് അംഗീകരിക്കുന്നത്. പക്ഷെ ശമ്പളം പുനഃക്രമീകരിക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ സർവ്വകലാശാല അംഗീകരിച്ച പ്രൊപ്പോസൽ എത്തിയാൽ അവിടെ വീണ്ടും അക്കാദമിക പരിശോധനയ്ക്ക് വിധേയമാക്കി ആനുകൂല്യം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു. ആയതിനാൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിന് സർവ്വകലാശാല അംഗീകരിച്ച പ്രൊപ്പോസലിൽ വീണ്ടും കൈകടത്തേണ്ട ആവശ്യമില്ല എന്നും അക്കാദമിക കാര്യങ്ങളിൽ സർവ്വകലാശാലയാണ് തീരുമാനം എടുക്കേണ്ടത് എന്നതും രേഖാമൂലം ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.111 ശ്രീ. സതീശൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

7.112 പ്രമേയവതാരകൻ ഉപയോഗിച്ച വാക്ക് തന്നെ ശരിയല്ലെന്നും ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകാൻ സർവ്വകലാശാലക്ക് കഴിയുമോ എന്നും ഡോ. ടി.പി. അഷ്റഫ് പറഞ്ഞു. ശ്രീ. സാജു. പി.ജെ യും ഈ സംശയം ഉന്നയിച്ചു.

7.113 നേരത്തെ ഇത്തരം കീഴ് വഴക്കമുണ്ടെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു. Multi level checking എന്നത് ഒരു അവിഭാജ്യ ഘടകമാണെന്ന് ഡോ. ടി.പി. അഷ്റഫ് പറഞ്ഞു. 2018 ഡിസംബർ 31 വരെ, യു.ജി.സി റഗുലേഷൻ പ്രകാരം Refresher course/orientation course എന്നിവ mandatory അല്ല എന്നത് സർക്കാർ/ സർവ്വകലാശാല ഉത്തരവ് ഡിഡിമാർ പാലിക്കുന്നില്ല. പ്രമേയത്തിൽ പറയുന്നതും വിശദീകരണവുമായി ഒത്തു പോകുന്നില്ല എന്ന് ഡോ. ടി.പി അഷ്റഫ് പറഞ്ഞു. സിൻഡിക്കേറ്റ് മെമ്പർമാരായ ഡോ. കെ.ടി. ചന്ദ്രമോഹനൻ, ശ്രീ. പ്രമോദ് കുമാർ കെ.വി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

7.114 പ്രമേയം സഭ തള്ളിക്കളഞ്ഞു.

7.115 സെനറ്റിന്റെ വിവിധ കമ്മിറ്റികളുടെ യോഗ തീരുമാനങ്ങൾ കൂടുതൽ ചർച്ചകൾക്കും ഭേദഗതികൾക്കുമായി അടുത്ത സെനറ്റിലേക്ക് മാറ്റിവെക്കാനും അംഗങ്ങൾക്ക് സോഫ്റ്റ് കോപ്പി നൽകണമെന്നും വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

7.116 കൃത്യം 12.10 ന് യോഗം അവസാനിച്ചു.

വൈസ് ചാൻസിലർ